بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ　نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ　وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാല്യം 10

ലക്കം 48

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ അംനാസ് പി കെ

www.akhbarbadrqadian.in

2025 നവംബർ 27 ● ഹി.ശം 1404 നുബുവ്വത്ത് 27 ● ഹി:ഖ 1447 ജമാദിൽ ആഖിർ 05


## അല്ലാഹുവിന്റെ വചനം

فَاجۡتَنِبُوا الرِّجۡسَ مِنَ الۡاَوۡثَانِ وَاجۡتَنِبُوۡا قَوۡلَ الزُّوۡرِ ۙ

﴿سُوۡرَۃُ الۡحَجّ:31﴾

അതിനാൽ വിഗ്രഹങ്ങളുടെ മാലിന്യത്തിൽ നിന്ന് അകന്നു നിൽക്കുകയും കള്ളം പറയുന്നതിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്യുവിൻ(22.31).

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹുത്തആല ബിനസ്വിഹിൽ അസീസ് ദൈവകൃപയാൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സഹോദരങ്ങൾ അമീറുൽമുഅ്മിനീന്റെ ആയുരാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേക കാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക.

അല്ലാഹു എപ്പോഴും നമ്മുടെ പ്രിയങ്കരനായ ഇമാമിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിﷺയുടെ തിരുവചനങ്ങൾ:

### സത്യം നന്മയിലേക്കും നന്മ സ്വർഗത്തിലേക്കും നയിക്കുന്നു

ഹദ്റത്ത് ഇബ്നു മസ്ഊദ് رضی اللہ عنہ നിവേദനം ചെയ്യുന്നു: നബിതിരുമേനിﷺ അരുളി: സത്യം നന്മയിലേക്കും നന്മ സ്വർഗത്തിലേക്കും നയിക്കുന്നു. സദാ സത്യം പറയുന്ന വ്യക്തി അല്ലാഹുവിന്റെ സമക്ഷം സിദ്ദീഖ് (മഹാസത്യവാൻ) എന്നു വിളിക്കപ്പെടുന്നു. അസത്യം പാപത്തിലേക്കും തിന്മയിലേക്കും തിന്മ നരകത്തിലേക്കും നയിക്കുന്നു. സദാ അസത്യം പറയുന്ന വ്യക്തി അല്ലാഹുവിന്റെ സമക്ഷം കദ്ദാബ് (പെരും നുണയൻ) എന്നു വിളിക്കപ്പെടുന്നു.

(بخاری کتاب الادب باب قول اللہ

اتقوا اللہ و کونوا مع الصادقین)

ഹദ്റത്ത് ഹസൻ ബിൻ അലി رضی اللہ عنہ നിവേദനം ചെയ്യുന്നു: ഞാൻ നല്ലവണ്ണം ഓർക്കുന്നു, നബിതിരുമേനിﷺ ഇപ്രകാരം അരുളി: സംശയാസ്പദമായ കാര്യങ്ങൾ ഉപേക്ഷിക്കുക. സംശയരഹിതമായ ദൃഢവിശ്വാസത്തെ അവലംബിക്കുക. എന്തെന്നാൽ, ദൃഢവിശ്വാസം ഉളവാക്കുന്ന സത്യം സംതൃപ്തിദായകമാണ്. അതേസമയം കളവ് അസ്വസ്ഥതയ്ക്കും ബുദ്ധിമുട്ടിനും ഹേതുവാണ്.

(بخاری کتاب البیوع باب تفسیر الشبہات،

ترمذی ابواب القیٰمۃ)

(بحوالہ حدیقۃ الصالحین مصنفہ

ملک سیف الرحمٰن صاحب حدیث 697,698)

❁❁❁

## ആത്യന്തിക വിജയം സത്യത്തിനു തന്നെയാണെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു. കളവുപോലെ വിലക്ഷണമുള്ള ഒരു കാര്യവുമില്ലെന്ന് നന്നായി ഓർത്തുകൊള്ളുക.

### സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഉപദേശങ്ങൾ

വിശുദ്ധഖുർആൻ കളവിനെ അശുദ്ധിയും മാലിന്യവുമായി പ്രഖ്യാപിക്കുന്നു. പറയുന്നു: ***അതിനാൽ വിഗ്രഹങ്ങളുടെ മാലിന്യത്തിൽ നിന്ന് അകന്നുനിൽക്കുകയും കള്ളം പറയുന്നതിൽ നിന്ന് വിട്ടു നിൽക്കുകയും ചെയ്യുവിൻ*** (22.31). നോക്കുക, ഇവിടെ കളവിനെ ബിംബവുമായി താരതമ്യപ്പെടുത്തിയിരിക്കുന്നു. യഥാർഥത്തിൽ കളവും ഒരു ബിംബംതന്നെയാണ്. അല്ലെങ്കിൽ എന്തിനാണ് സത്യമുപേക്ഷിച്ച് മറുഭാഗത്ത് പോകുന്നത്. ഏതുപോലെ ബിംബാരധന നിരർഥകമാണോ കളവും കേവലം മിഥ്യയാണ്. കളവു പറയുന്നവരിലുള്ള വിശ്വാസം എത്രമാത്രം കുറഞ്ഞുപോകുന്നുവെന്നാൽ ഇനി അവർ സത്യം തന്നെ പറഞ്ഞാലും അതിലും എന്തെങ്കിലും കളവിന്റെ കലർപ്പുണ്ടാകുമെന്നുള്ള വിചാരമുണ്ടാകുന്നു. ഇനി കളവു പറയുന്നവർ സ്വയം തങ്ങളുടെ നുണപറച്ചിൽ കുറയ്ക്കണമെന്ന് ആഗ്രഹിച്ചാലും പെട്ടെന്നൊന്നും അത് വിട്ടകലുകയില്ല. കാലങ്ങളോളമുള്ള ശ്രമഫലത്താലെ അവർക്ക് സത്യം പറയുന്ന ശീലമുണ്ടാകുകയുള്ളൂ. *(അൽഹക്കം വാല്യം 6, ലക്കം 31, 31-8-1902, പേജ്: 2)*

ആത്യന്തിക വിജയം സത്യത്തിനു തന്നെയാണെന്ന് ഞാൻ നിങ്ങൾക്ക് ഉറപ്പു തരുന്നു. നന്മയും വിജയവും നേടുക അതുമാത്രമാണ്.. കളവുപോലെ വിലക്ഷണമുള്ള ഒരു കാര്യവുമില്ലെന്ന് നന്നായി ഓർത്തുകൊള്ളുക. സത്യം പറയുന്നവർ പിടിയിലാകുമെന്ന് സാധാരണയായി ഭൗതികചിന്താഗതിക്കാർ പറയാറുണ്ട്. എന്നാൽ, ഞാനത് എങ്ങനെ വിശ്വസിക്കാനാണ്? എനിക്കെതിരെ ഏഴു കേസ്സുണ്ടായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിലൊന്നിൽ പോലും ഒരു വാക്കുപോലും കളവെഴുതേണ്ട ആവശ്യമെനിക്കുണ്ടായിട്ടില്ല. ഒന്നിലെങ്കിലും അല്ലാഹു എന്നെ പരാജയപ്പെടുത്തിയെന്ന് ആരെങ്കിലുമൊന്ന് പറയട്ടെ. അല്ലാഹു സ്വയം സത്യത്തെ പിന്തുണയ്ക്കകയും സഹായിക്കുന്നവനുമാണ്. എന്നിരിക്കെ അവൻ സത്യസന്ധനെ ശിക്ഷിക്കുമോ? അങ്ങനെയാണെങ്കിൽ പിന്നെ ലോകത്ത് ഒരാളും സത്യം പറയാൻ തന്റേടം കാണിക്കുകയില്ല. അല്ലാഹുവിലുള്ള വിശ്വാസംതന്നെ നഷ്ടമാകും. സത്യസന്ധൻ ജീവച്ഛവമായിത്തീരും. വാസ്തവത്തിൽ സത്യപറഞ്ഞിട്ടും ശിക്ഷിക്കപ്പെടുന്നവർക്ക് സത്യം കാരണത്താലായിരിക്കുകയില്ല അങ്ങനെ സംഭവിക്കുന്നത്. ആ ശിക്ഷ അയാളുടെ ചില നിഗൂഢമായ ദുഷ്കർമങ്ങളാലാണുണ്ടാകുന്നത്. മറ്റേതെങ്കിലും കളവിന്റെ ശിക്ഷയായിരിക്കുമത്. അല്ലാഹുവിന്റെ അറിവിൽ അവർ ചെയ്ത തിന്മയുടേയും ദ്രോഹങ്ങളുടേയും ഒരു പരമ്പര തന്നെയുണ്ടാകും. അവരുടെ ധാരാളം തെറ്റുകളുണ്ടാകും. അതിലേതിലെങ്കിലും ഒന്നിന് അവർ ശിക്ഷ അനുഭവിക്കുന്നുവെന്നു മാത്രം.*(അൽഹക്കം വാല്യം 10, ലക്കം 17, 1906 മെയ് 17, പേജ്: 4-5)*

## തൗഹീദിനുശേഷം ഏറ്റവും വലിയ നന്മ സത്യസന്ധതയാണ്. കളവ് പ്രകൃതിക്ക് വിരുദ്ധമാണ്.

സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہ സൂറത്തുൽ ഫുർഖാനിലെ 73-ാം വചനമായ ***വല്ലദീന ലാ യശ്ഹദൂനസ്സൂറ വഇദാ മർറൂ ബില്ലഗ്‌വി മർറൂ കിറാമൻ*** (25:73)എന്നതിനെഴുതിയ തഫ്സീറിൽ പറയുന്നു: തൗഹീദിനുശേഷം ഈ ലോകത്ത് മനുഷ്യന്റെ മുമ്പിൽവരുന്ന ഏറ്റവും വലിയ നന്മ ഏറ്റവും വലിയ ദുഷ്കരമായ ജോലി അത് സത്യസന്ധതതന്നെയാണ്. കരുണകാണിക്കുന്നവരും നീതിപാലിക്കുന്നവരുമായ ആയിരക്കണക്കിന് മനുഷ്യരെ കാണാൻ കഴിയും. പക്ഷേ അവർക്ക് സാക്ഷി പറയേണ്ടിവരുമ്പോൾ, അതിന്റെ ഫലമായി തനിക്കോ തന്റെ ബന്ധുക്കൾക്കോ നഷ്ടമുണ്ടാകുമോ എന്നുനോക്കുമ്പോൾ അതിലെന്തെങ്കിലും കുറച്ച് മാറ്റം തീർച്ചയായും വരുത്തും. ഈരോഗം എത്രമാത്രം വ്യാപിച്ചിരിക്കുന്നുവെന്നാൽ, നമ്മുടെ രാജ്യത്ത് ആളുകൾ വളരെ തന്റേടത്തോടുകൂടി സത്യം ചെയ്ത് കളവു പറയുന്നു. അതിനോടൊപ്പം അവരുടെ കളവിനെ സത്യമായെന്തുകൊണ്ടംഗീകരക്കുന്നില്ലെന്ന്കണ്ട് ദേഷ്യപ്പെടുകയും ചെയ്യുന്നു.

ചുരുക്കം പറഞ്ഞാൽ സത്യസന്ധത വളരെ പ്രധാനപ്പെട്ട കാര്യമാണ്. നബിമാർ ഇതിൽ പ്രത്യേകമായ നിലയിൽ ശക്തി ചെലുത്തി. ഇത് മാനുഷികമായ ധാർമികതയുടെ ഒരു അടിസ്ഥാന ഭാഗമാണ്. എന്നാൽ, ഇക്കാലത്ത് രാഷ്ട്രീയവും സാമൂഹികവുമായ നേട്ടത്തിനുവേണ്ടി കളവിനെ കളവായി തന്നെ മനസ്സിലാക്കപ്പെടുന്നില്ല. എന്നല്ല അതിനെ അങ്ങേയറ്റം ആവശ്യമുള്ള കാര്യമായി നിശ്ചയിക്കപ്പെടുന്നു. വാസ്തവത്തിൽ കളവ് പ്രകൃതിക്ക് വിരുദ്ധമാണ്. കളവ് എന്നു പറയുന്നത് എന്തിന്റെ പേരാണെന്നാൽ ചെവി എന്തൊന്നാണോ കേട്ടത്, അതിനെ സംബന്ധിച്ച് താൻ കേട്ടില്ലെന്ന് പറയലാണ്. കണ്ണ് എന്തൊന്നാണോ കണ്ടത് അതിനെ സംബന്ധിച്ച് താൻ കണ്ടില്ലെന്ന് പറയലാണ്. കൈ എന്തെങ്കിലും സാധനം എടുത്തിട്ടുണ്ടെങ്കിൽ മനുഷ്യൻ

ശേഷം പേജ് 9 ൽ

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദർ ബോർഡ്,ഖാദിയാൻ

# ഖുത്വ്ബ ജുമുഅ

നബിതിരുമേനിﷺ ഹദ്റത്ത് അലിയോട് ؓ പറഞ്ഞു:

اَلَا تَرْضٰى أَنْ تَكُوْنَ مِنِّيْ بِمَنْزِلَةِ هَارُوْنَ مِنْ مُوْسٰى إِلَّا أَنَّهُ لَيْسَ نَبِيٌّ بَعْدِىْ

അർഥം: ഓ അലീ, എനിക്ക് നീ മൂസായ്ക്ക് ഹാറൂനെപ്പോലെ ആകുന്നതിൽ നീ തൃപ്തനല്ലേ? ഒരു വ്യത്യാസം മാത്രം, എനിക്കു ശേഷം നീ പ്രവാചകനല്ല.

ഈ അടിസ്ഥാന തത്ത്വം സ്മർത്തവ്യമാണ്. വ്യവസ്ഥിതിക്കെതിരെ എന്തെങ്കിലും നടപടി ഉണ്ടായാൽ അവിടെ കാർക്കശ്യം കാണിക്കും. പിന്നെ അവിടെ സൗമ്യതയ്ക്ക് സ്ഥാനമില്ല.

അല്ലാഹുവാണ! ഞാൻ ഒരു ശപഥം ചെയ്യുകയും, അതിനു ശേഷം അതിനേക്കാൾ നല്ല ഒരു കാര്യം കാണുകയും ചെയ്താൽ തീർച്ചയായും ഞാൻ നല്ല കാര്യം ചെയ്യുന്നതാണ്, ഇൻശാ അല്ലാഹ്. ചെയ്ത ശപഥത്തിന് പ്രായശ്ചിത്തം (കഫ്ഫാറ) നല്കുകയും ചെയ്യും.(ഹദീഥ്)

തബൂക്ക് യുദ്ധത്തിൽ നബി ﷺ ഏറ്റവും വലിയ പതാക ഹദ്റത്ത് അബൂബക്കർ ؓവിനാണ് നല്കിയത്. കൂടാതെ, ഹദ്റത്ത് സുബൈർ ؓ, ഹദ്റത്ത് ഉസൈദ് ബിൻ ഹുളൈർ ؓ, ഹദ്റത്ത് അബൂ ദുജാന ؓ, ചില നിവേദനങ്ങളനുസരിച്ച് ഹദ്റത്ത് ഹബ്ബാബ് ബിൻ മുൻദിർ ؓ എന്നിവർക്കും പതാകകൾ നല്കി.

നബിതിരുമേനി ﷺ യുദ്ധത്തിനു വേണ്ട എല്ലാവിധ ഭൗതിക മാർഗങ്ങളും സ്വീകരിച്ച ശേഷം, പ്രാർഥനയിലേക്ക് തിരിഞ്ഞു. ഒരുക്കങ്ങൾ തുടങ്ങിയത് മുതൽ തബൂക്കിലേക്ക് പുറപ്പെടുന്നതുവരെ അവിടുന്ന് ഈ പ്രാർഥന തുടർന്നു:

اَللّٰهُمَّ اِنْ تُهْلِكْ هٰذِهِ الْعِصَابَةُ فَلَنْ تُعْبَدَ فِى الْاَرْضِ

അർഥം: അല്ലാഹുവേ, ഈ ചെറിയ സമൂഹം നശിച്ചുപോയാൽ, ഈ ഭൂമിയിൽ പിന്നെ നിന്റെ ആരാധകർ ആരുമുണ്ടാകില്ല. യാദൃച്ഛികമെന്നു പറയട്ടെ, നബിതിരുമേനിﷺയുടെ പ്രഥമ യുദ്ധമായ ബദർ യുദ്ധത്തിലും ഈ പ്രാർഥനയെക്കുറിച്ച് പരാമർശമുണ്ട്. അവിടുത്തെ ഈ അവസാനത്തെ യുദ്ധത്തിലും ഈ പ്രാർഥനയെക്കുറിച്ച് പരാമർശമുണ്ട്.

നബികരീംﷺ തബൂക്ക് യുദ്ധത്തിനായി വ്യാഴാഴ്ച പുറപ്പെട്ടു. അവിടുന്ന് വ്യാഴാഴ്ച യാത്ര പുറപ്പെടാൻ ഇഷ്ടപ്പെട്ടിരുന്നു.

ഗുലാം മുഹയുദ്ദീൻ സുലൈമാൻ സാഹിബ്, ഡോ. മുഹമ്മദ് ശഫീഖ് സഹഗൽ സാഹിബ്, ബുശ്റ പർവേസ് മിൻഹാസ് സാഹിബ എന്നിവരെക്കുറിച്ചുള്ള സുസ്മരണ.

**ഖുത്ബ ജുമുഅ 2025 ഒക്ടോബർ 24, 1404 അഖാഅ് 24 മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ് ടിൽഫോർഡ്, (സർറെ) യു.കെ**

ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്
ایدہ اللہ تعالیٰ بنصرہ العزیز

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ○ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ○

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ○ اَلرَّحْمٰنِ الرَّحِيْمِ ○ مٰلِكِ يَوْمِ الدِّيْنِ ○ اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ ○

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ○ صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ○

തശഹ്ഹുദ്, തഅവ്വുദ്, സൂറത്തുൽ ഫാത്തിഹ എന്നിവയുടെ പാരായണത്തിന് ശേഷം, ഹുസൂർ പറഞ്ഞു:

ഇന്നും ഞാൻ തബൂക്ക് യുദ്ധത്തിന്റെ സംഭവങ്ങളുടെ കുടുതൽ വിശദാംശങ്ങളാണ് വിവരിക്കുന്നത്. ജദ്ദ് ബിൻ ഖൈസ് എന്ന വ്യക്തിയുടെ സംഭവം വിവരിക്കപ്പെട്ടിട്ടുണ്ട്. ഇയാളും കപട വിശ്വാസികളിൽ ഒരാളായിരുന്നു. അബ്ദുല്ലാഹ് ബിൻ ഉബയ്യിനു ശേഷം കപടവിശ്വാസികളുടെ മറ്റൊരു വലിയ നേതാവ് ആയിരുന്നു. അബ്ദുല്ലാഹ് ബിൻ ഉബയ്യുമായി ചേർന്ന് പലതരം ഗൂഢാലോചനകളിൽ ഇയാൾ ഏർപ്പെട്ടിരുന്നു. ഹുദൈബിയ്യ സന്ധിയുടെ സമയത്ത് പോലും പ്രതിജ്ഞ എടുക്കാതിരുന്നത് ഇയാളാണ്. ഇയാൾ റസൂലുല്ലാഹ്ﷺയുടെ അടുക്കൽ ഹാജരായി യുദ്ധത്തിന് പോകാതിരിക്കാൻ ഒഴികഴിവും സമർപ്പിച്ചിരുന്നു. എന്നാൽ, ഈ ഒഴികഴിവ് വിചിത്രവും അനാവശ്യവുമായ ഒന്നായിരുന്നു. എഴുതിയിരിക്കുന്നു: തബൂക്ക് യുദ്ധാവസരത്തിൽ, ബനൂ സൽമയുടെ നേതാവായിരുന്ന ജദ്ദ് ബിൻ ഖൈസിനോട് റസൂലുല്ലാഹ്ﷺ ചോദിച്ചു: അല്ലയോ ജദ്ദ്! നിങ്ങൾ ഈ വർഷം ബനൂ അസ്ഫറുമായുള്ള (റോമക്കാരുമായുള്ള) ജിഹാദിൽ പങ്കെടുക്കുമോ? അയാൾ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ, എനിക്ക് ഒഴിവാക്കിയാലും, എന്നെ കുഴപ്പത്തിൽ (ഫിത്നയിൽ) ആക്കരുത്. അല്ലാഹുവാണ! സ്ത്രീവിഷയത്തിലുള്ള എന്റെ അമിതമായ താത്പര്യത്തെക്കുറിച്ച് എന്റെ ഗോത്രത്തിന് നന്നായറിയാം, ബനൂ അസ്ഫറിന്റെ സ്ത്രീകളെ കണ്ടാൽ എനിക്ക് ക്ഷമിക്കാൻ കഴിയില്ലെന്ന് ഞാൻ ഭയപ്പെടുന്നു. ഈ അനാവശ്യമായ മറുപടി കേട്ടപ്പോൾ റസൂലുല്ലാഹ് ﷺ അയാളിൽ നിന്ന് വിമുഖനാകുകയും, ശരി പോയ്ക്കൊള്ളൂ. നിനക്ക് അനുമതിയുണ്ട്. നീ (യുദ്ധത്തിനു) പോകേണ്ട ആവശ്യമില്ല, എന്ന് പറയുകയും ചെയ്തു.

ഇദ്ദേഹത്തിന്റെ മകനും ബദരീ സഹാബിയും അതീവ വിശ്വസ്തനുമായ ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ജദ്ദ് പിതാവിന്റെ അടുത്തുവന്നു ചോദിച്ചു: താങ്കൾ എന്തിനാണ് അല്ലാഹുവിന്റെ റസൂലിന്റെ ക്ഷണം നിരസിച്ചത്? അല്ലാഹുവാണ! ബനൂ സൽമയുടെ കൂട്ടത്തിൽ താങ്കളെക്കാൾ ധനികൻ മറ്റാരുമില്ല. എന്നിട്ടും താങ്കൾ സ്വയം യുദ്ധത്തിനു പുറപ്പെടുകയോ മറ്റൊരാൾക്ക് യാത്രാവാഹനം ഒരുക്കി കൊടുക്കുകയോ ചെയ്യുന്നില്ല, (അതായത് ഒരു മുജാഹിദിന് (യോദ്ധാവിനു) യാത്രാ സൗകര്യങ്ങൾ പോലും ഒരുക്കുന്നില്ല).

അയാൾ മറുപടി നല്കി: എന്റെ മകനേ, ചൂടുകൊണ്ട് കഷ്ടം അനുഭവിക്കുന്ന ഈ സമയത്ത് ഞാൻ എന്തിന് ബനൂ അസ്ഫറിന്റെ അടുത്തേക്ക് പോകണം? എന്റെ മകനേ, വീട്ടിലിരിക്കുമ്പോൾ പോലും റോമക്കാരെ പേടിച്ച് ഞാൻ വിറയ്ക്കുകയാണ്. എന്നിട്ട് തുടർന്നു: ഇങ്ങനെയുള്ള ആളുകളോട് യുദ്ധം ചെയ്യാൻ ഞാൻ എങ്ങനെ അവരുടെ നാട്ടിലേക്ക് പോകും? എനിക്ക് വീട്ടിൽ ഇരിക്കുമ്പോൾ തന്നെ ഭയമാണ്. മകനേ, അല്ലാഹുവാണ! ഞാൻ വലിയ ബുദ്ധിമാനും അനുഭവജ്ഞനുമാണ്. യുദ്ധങ്ങളെക്കുറിച്ച് എനിക്ക് നല്ല അറിവുണ്ട്. (വൻ ശക്തിയായ റോമുമായി യുദ്ധം ചെയ്യുന്നത് വിവേകമല്ല എന്നാണ് അയാൾ പറയാൻ ശ്രമിച്ചത്).

ഇതെല്ലാം കേട്ടപ്പോൾ അദ്ദേഹത്തിന്റെ വിശ്വസ്തനായ മകൻ കോപാകുലനായി പറഞ്ഞു: 'ഇല്ല, അല്ലാഹുവാണ! താങ്കൾ യുദ്ധത്തിന് പോകാത്തത് കപടവിശ്വാസം കാരണമാണ്. അല്ലാഹുവാണ! താങ്കളെക്കുറിച്ച് അല്ലാഹുവിന്റെ റസൂലിന് തീർച്ചയായും ഖുർആൻ അവതരിക്കും.'

അപ്പോൾ പിതാവ് തന്റെ ചെരിപ്പെടുത്ത് മകന്റെ മുഖത്തടിച്ചു. മകൻ മടങ്ങിപ്പോകുകയും അതിനുശേഷം അദ്ദേഹവുമായി സംസാരിക്കാതിരിക്കുകയും ചെയ്തു.

ജദ്ദ് ബിൻ ഖൈസിനെക്കുറിച്ച് ചുവടെ കൊടുത്ത ആയത്ത്

وَمِنۡهُمۡ مَّنۡ يَّقُوۡلُ ائۡذَنۡ لِّىۡ وَلَا تَفۡتِنِّىۡ‌ؕ اَلَا فِى الۡفِتۡنَةِ سَقَطُوۡا‌ؕ وَاِنَّ جَهَنَّمَ لَمُحِيۡطَةٌۢ بِالۡكٰفِرِيۡنَ ﴿۴۹﴾ -

(അത്തൗബ: 49)

അവതരിച്ചു എന്ന് ഒരു നിവേദനത്തിൽ പറയുന്നു: അവരിൽ ഒരു വിഭാഗമുണ്ട്, അവർ പറയും: എനിക്ക്  ഒഴിവ് തരിക, എന്നെ കുഴപ്പത്തിൽ ആക്കരുത്. പിൽക്കാലത്ത് അയാൾ പശ്ചാത്തപിക്കുകയും നല്ല നിലയിൽ മടങ്ങുകയും ചെയ്തു എന്നും, ഹദ്റത്ത് ഉസ്മാന്റെ رضی اللہ عنہ ഖിലാഫത്ത് കാലത്ത് മരണപ്പെട്ടു എന്നും പറയപ്പെടുന്നു.

السیرۃ النبویۃ لابن ہشام صفحہ 815 دارالکتب العلمیۃ 2001ء) (شرح العلامۃ الزرقانی علی المواھب اللدنیہ جلد 4 صفحہ 72 دارالکتب العلمیۃ 1996ء) (اللؤلؤ المکنون سیرت انسائیکلوپیڈیا جلد 9 صفحہ 463 تا 465 دارالسلام) تاریخ الطبری جلد 2 صفحہ 182-181، دارالکتب العلمیۃ بیروت 2012ء) (اسد الغابہ جلد 1 صفحہ 521 دارالکتب العلمیۃ 2003ء

പിന്നീട് ഇയാൾ കപടത ഇല്ലാതാകുകയും ഉറച്ച മുസ്‌ലിമാകുകയും ചെയ്തു. ഗൂഢാലോചനക്കാരായ ആളുകൾ ഒരിടത്ത് ഒരുമിച്ചുകൂടി ഈ യുദ്ധത്തെ സംബന്ധിച്ചും ഗൂഢാലോചനകൾ നടത്തിയിരുന്നു. അതിന്റെ വിശദാംശങ്ങൾ മുമ്പും വിവരിക്കപ്പെട്ടിട്ടുണ്ട്, അതായത് അവർക്ക് ഒരു കേന്ദ്രം ഉണ്ടായിരുന്നു. ആ കേന്ദ്രം ഇല്ലാതാക്കാൻ നബിതിരുമേനിﷺ കൽപ്പിച്ചു.

അതിന്റെ വിശദാംശങ്ങളിൽ എഴുതിയിരിക്കുന്നു: മദീനയിൽ കപടവിശ്വാസികളും ജൂതന്മാരും ഈ ഗൂഢാലോചനകളിൽ ഏർപ്പെട്ടിരുന്നു. അതായത് തെറ്റായ കിംവദന്തികൾ പ്രചരിപ്പിച്ച് മുസ്‌ലീങ്ങളുടെ ധൈര്യം കെടുത്താൻ ശ്രമിക്കുകയും, മുസ്‌ലീങ്ങളെ യുദ്ധത്തിന് പോകുന്നതിൽ നിന്ന് ശക്തമായി തടയാൻ ശ്രമിക്കുകയും ചെയ്തു. അതിനായി അവർ പലതരം തന്ത്രങ്ങൾ ഉപയോഗിച്ചിരുന്നു.

ആത്മാർഥതയും ശക്തമായ ഈമാനും ഉള്ള വിശ്വാസികൾ കപടവിശ്വാസികളുടെ ഈ നീച സ്വഭാവത്തെക്കുറിച്ച് അറിഞ്ഞിരുന്നെന്ന് മാത്രമല്ല, അവരെ നിരീക്ഷിക്കുകയും ചെയ്തിരുന്നു. അവരെക്കുറിച്ചുള്ള റിപ്പോർട്ടുകൾ നബിതിരുമേനിﷺയുടെ അടുക്കൽ എത്തിക്കൊണ്ടിരുന്നു. അവിടുന്ന് തന്റെ കാരുണ്യവും വാത്സല്യവും കാരണം അക്കൂട്ടരോട് ക്ഷമിച്ചിരുന്നു. എന്നാൽ, വ്യവസ്ഥിതിക്കെതിരെ അപകടകരമായ എന്തെങ്കിലും ഗൂഢാലോചന ഉണ്ടാകുമ്പോൾ, അത് വലിയ തന്ത്രജ്ഞതയോടെ, എന്നാൽ കാർക്കശ്യത്തോടെ ഇല്ലാതാക്കാൻ നടപടിയെടുക്കുകയും ചെയ്തിരുന്നു. ഈ അടിസ്ഥാന തത്ത്വം സ്മർത്തവ്യമാണ്. വ്യവസ്ഥിതിക്കെതിരെ എന്തെങ്കിലും നടപടി ഉണ്ടായാൽ അവിടെ കാർക്കശ്യം കാണിക്കും. പിന്നെ അവിടെ സൗമ്യതയ്ക്ക് സ്ഥാനമില്ല. അത്തരത്തിലുള്ള ഒരു നടപടി ആ സന്ദർഭത്തിലും സ്വീകരിച്ചു.

ഒരു നിവേദനത്തിൽ പറയുന്നു: കപടവിശ്വാസികൾ ജാസൂമിന്റെ അടുത്തുള്ള സഊലം എന്ന ജൂതന്റെ വീട്ടിൽ ഒരുമിച്ചുകൂടുന്നുണ്ടെന്നും അവർ തബൂക്ക് യുദ്ധത്തിൽ നബിതിരുമേനിﷺയുടെ കൂടെ പോകുന്നതിൽ നിന്ന് ജനങ്ങളെ തടയുന്നുണ്ടെന്നും നബിതിരുമേനിﷺക്ക് വിവരം ലഭിച്ചു. (ഇതിനെ ബിഅ്ർ ജാസിം എന്നും പറയും, ഇത് മദീനയിലെ ഒരു കിണറായിരുന്നു). യഥാർഥത്തിൽ, ഈ യുദ്ധത്തിന് പോകാതിരിക്കാൻ മുസ്‌ലീങ്ങൾക്കിടയിൽ എല്ലാതരം നിരുത്സാഹജനകമായ പ്രചാരണങ്ങൾക്കും വേണ്ടിയുള്ള ഗൂഢാലോചനകളും മദീനയിൽ ഇവിടെയാണ് തയ്യാറാക്കിയിരുന്നത്.

നബിതിരുമേനിﷺ ഹദ്റത്ത് ത്വൽഹ ബിൻ ഉബൈദില്ലായെ ചിലരോടൊപ്പം അങ്ങോട്ട് അയക്കുകയും, സഊലമിന്റെ വീട് കത്തിക്കാൻ കൽപ്പിക്കുകയും ചെയ്തു. അതായത് അത് തകർത്ത് നശിപ്പിക്കുക, കത്തിക്കുക. (അവ കളിമണ്ണുകൊണ്ടുള്ള വീടുകളായിരുന്നു).

ഹദ്റത്ത് ത്വൽഹرضی اللہ عنہ അതുപോലെ ചെയ്തു. അതിനെത്തുടർന്ന് അവിടെയുണ്ടായിരുന്ന എല്ലാവരും ഭയന്ന് ഓടിപ്പോയി. ഓടിപ്പോയവരിൽ ഒരാളായിരുന്നു കപടവിശ്വാസികളോട് ചേർന്നുനിന്നിരുന്ന ളഹ്ഹാക്ക് ബിൻ ഖലീഫ. അയാൾ വീടിന്റെ മേൽക്കൂരയിൽ കയറി അതിന്റെ പിൻഭാഗത്ത് നിന്ന് താഴേക്ക് ചാടി, അതിന്റെ ഫലമായി അയാളുടെ കാലും കൈത്തണ്ടയും ഒടിഞ്ഞു.

എങ്കിലും, നബിതിരുമേനിﷺയുടെ കാരുണ്യവും വിട്ടുവീഴ്ചയും ഇവിടെയും മുഴച്ചു നിൽക്കുന്നതായി കാണാം, അവിടുന്ന് അവരിൽ ആരെയും പിടികൂടാൻ കൽപ്പിച്ചില്ല,  കൂടുതൽ ശിക്ഷയൊന്നും നല്കിയതുമില്ല. എന്നിരുന്നാലും, ഗൂഢാലോചനകളുടെ ആ താവളം, അതായത് ഹെഡ് ക്വാർട്ടേഴ്സ്, ഇല്ലാതാക്കി.

شرح العلامۃ الزرقانی علی المواھب اللدنیہ جلد 4 صفحہ 72 دارالکتب العلمیۃ 1996ء) (السیرۃ النبویۃ لابن ہشام صفحہ 816 دارالکتب العلمیۃ 2001ء) (اللؤلؤ المکنون سیرت انسائیکلوپیڈیا جلد 9 صفحہ 467 دارالسلام) (فرہنگ سیرت صفحہ 84 زوار اکیڈمی پبلی کیشنز کراچی 2003ء)

തബൂക്കിലേക്കുള്ള  യാത്രയ്ക്കായി എല്ലാവരും ഒരുക്കങ്ങളിലായിരുന്നു. യാത്രാച്ചെലവുകൾക്കായി സാമ്പത്തിക ത്യാഗങ്ങളും തുടർന്നുകൊണ്ടിരുന്നു. പാവപ്പെട്ടവരും നിരാലംബരുമായ സ്വഹാബികൾ നബിതിരുമേനിﷺയുടെ അടുക്കൽ ഹാജരാകുമ്പോൾ, അവർക്ക് ഒരുക്കങ്ങൾക്കായി സഹായം നൽകിയിരുന്നു. അതുപോലെ, കഴിവുള്ള ആളുകൾ യാത്ര ചെയ്യാൻ വാഹനമില്ലാത്ത സ്വഹാബികൾക്ക് വാഹനങ്ങൾ നൽകിയിരുന്നു. കാരണം, വാഹനം ഇല്ലാതെ ഈ യാത്ര സാധ്യമല്ലായിരുന്നു. കൂടാതെ, ശക്തിയുള്ളവനും യാത്രയുടെ പ്രയാസം സഹിക്കാൻ കഴിവുള്ളവനും വാഹനവും യാത്രാഭക്ഷണവും ലഭിക്കുന്നവനുമായ വ്യക്തി മാത്രമേ ഞങ്ങളുടെ കൂടെ പോകാവൂ എന്ന് നബിതിരുമേനി ﷺ കല്പിക്കുകയും ചെയ്തിരുന്നു. ഈ സന്ദർഭത്തിൽ, ചില സ്വഹാബികൾ കരഞ്ഞുകൊണ്ട് നബിതിരുമേനി ﷺയുടെ അടുക്കൽ ഹാജരായി.

അവർ അങ്ങയോട് യാത്രാവാഹനം നല്കാൻ അഭ്യർത്ഥിച്ചു, അവർക്ക് അത് ആവശ്യമാരായിരുന്നു. അപ്പോൾ റസൂലുല്ലാഹ് ﷺ പറഞ്ഞു: നിങ്ങളെ യാത്രയാക്കാൻ എന്റെ അടുക്കൽ ഇപ്പോൾ ഒന്നുമില്ല.ഇത് കേട്ടപ്പോൾ അവർ കരഞ്ഞുകൊണ്ട് മടങ്ങിപ്പോയി.

ഈ സ്വഹാബികളുടെ ആത്മാർഥതയുടെയും വിശ്വസ്തതയുടെയും നിസ്സഹായാവസ്ഥയുടെയും ഈ അവസ്ഥ അല്ലാഹു വിശുദ്ധ ഖുർആനിൽ ഇങ്ങനെ വിവരിച്ചിരിക്കുന്നു:

وَّلَا عَلَى الَّذِيۡنَ اِذَا مَاۤ اَتَوۡكَ لِتَحۡمِلَهُمۡ قُلۡتَ لَاۤ اَجِدُ مَاۤ اَحۡمِلُكُمۡ عَلَيۡهِ ۖ تَوَلَّوْا وَّاَعۡيُنُهُمۡ تَفِيۡضُ مِنَ الدَّمۡعِ حَزَنًا اَلَّا يَجِدُوۡا مَا يُنۡفِقُوۡنَ‌ؕ ﴿۹۲﴾ -

(അത്തൗബ: 49:92)

അതായത്, യുദ്ധം പ്രഖ്യാപിച്ച സമയത്ത് നിന്റെയടുക്കൽ വന്നവർക്കുമേൽ കുറ്റമൊന്നുമില്ല, അവർ വന്നത് നീ അവർക്ക് വാഹനം (സവാരി) നല്കാനായിട്ടാണ്. അപ്പോൾ നീ മറുപടി നല്കി: നിങ്ങൾക്ക് സവാരി തന്ന് പറഞ്ഞയക്കാൻ എന്റെ കൈവശം ഒന്നുമില്ല. ഈ മറുപടി കേട്ട് അവർ മടങ്ങിപ്പോയി. കൂടാതെ, ദൈവമാർഗത്തിൽ ചെലവഴിക്കാൻ തങ്ങളുടെ പക്കൽ ഒന്നുമില്ലല്ലോ എന്ന ദുഃഖം കാരണം അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു.

ഇത് സൂറഃ അത്തൗബയിലെ ആയത്താണ്. ഈ ദുരിതം കാരണം അവർ അമിതമായി കരഞ്ഞതുകൊണ്ട് നബിചരിത്ര ഗ്രന്ഥങ്ങളിൽ അവർ ബുക്കാഊൻ (ഏറെ കരഞ്ഞവർ) എന്ന പേരിലാണ് അറിയപ്പെടുന്നത്. അവരുടെ എണ്ണത്തെക്കുറിച്ച് അഭിപ്രായവ്യത്യാസങ്ങളുണ്ട്. ചില ഗ്രന്ഥങ്ങളിൽ പതിനെട്ടോളം പേരുകൾ കാണുന്നുണ്ടെങ്കിലും, ഏഴ് പേരുടെ പേരുകളിലാണ് കൂടുതൽ പേർക്കും യോജിപ്പുള്ളത്. സാലിം ബിൻ ഉമൈർ, ഉർവ ബിൻ സൈദ്, അബൂലൈലാ അബ്ദുറഹ്മാൻ ബിൻ കഅബ്, അംറ് ബിൻ ഹമാം, അബ്ദുല്ല ബിൻ മുഗഫ്ഫൽ മുസനീ, ഹർമീ ബിൻ അബ്ദുല്ല, അർബാസ് ബിൻ സാരിയ എന്നിവരാണ് അവരിൽ ഉൾപ്പെടുന്നവർ.

ഒരു നിവേദനത്തിൽ പറയുന്നു: ഹദ്റത്ത് യാമീൻ ബിൻ ഉമൈർ ബിൻ കഅബ് നള്രി, ഹദ്റത്ത് അബൂലൈലാ അബ്ദുറഹ്മാൻ ബിൻ കഅബും ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ മുഗഫ്ഫലുമായി വഴിയിൽ വച്ച് കണ്ടുമുട്ടി. അവർ രണ്ടുപേരും കരയുകയായിരുന്നു. എന്തിനാണ് കരയുന്നതെന്ന് അദ്ദേഹം അവരോട് ചോദിച്ചു. അവർ പറഞ്ഞു: ഞങ്ങൾ നബിതിരുമേനി ﷺയുടെ അടുത്ത് പോയിരുന്നു, ഞങ്ങൾക്ക് വാഹനം നല്കാൻ അവിടുത്തോട് അഭ്യർഥിച്ചു. എന്നാൽ ഞങ്ങൾക്ക് ഒരു വാഹനവും ലഭിച്ചില്ല. ഞങ്ങളുടെ കൈവശം സ്വന്തമായി വാഹനം ഏർപ്പാട് ചെയ്യാനുള്ള ധനം ഇല്ലതാനും. അതിനാൽ നബിതിരുമേനിയുടെ കൂടെ ജിഹാദിന് പോകാൻ കഴിയുന്നില്ല.

അപ്പോൾ അദ്ദേഹം അവർക്ക് വെള്ളം ചുമക്കുന്ന ഒരൊട്ടകത്തെ നല്കി. അവർ രണ്ടും അതിൽ ഇരിപ്പിടം ഒരുക്കി. കൂടാതെ, അദ്ദേഹം യാത്രാഭക്ഷണമായി കുറച്ച് ഈത്തപ്പഴവും അവർക്ക് നല്കി. അങ്ങനെ ആ രണ്ടുപേരും റസൂലുല്ലാഹ്ﷺയുടെ കൂടെ ജിഹാദിനായി പുറപ്പെട്ടു. അങ്ങനെയാണ് അവർക്ക് സൗകര്യം ലഭിച്ചത്.

അതുപോലെ, ഹദ്റത്ത് അബ്ബാസ്رضی اللہ عنہ വിവരം അറിഞ്ഞപ്പോൾ, അദ്ദേഹം രണ്ട് സ്വഹാബികൾക്ക് വാഹനവും യാത്രാഭക്ഷണവും നല്കി. ബാക്കിയുള്ള മൂന്നു പേർക്ക് ഹദ്റത്ത് ഉസ്മാൻ رضی اللہ عنہ വാഹനവും യാത്രാഭക്ഷണവും നല്കി. അങ്ങനെ ഈ ഏഴു പേരും നബിതിരുമേനിﷺയുടെ

കൂടെ പുറപ്പെട്ടു.

السیرۃ النبویۃ لابن ہشام صفحہ 816 دارالکتب العلمیۃ 2001ء)
(شرح العلامۃ الزرقانی علی المواھب اللدنیہ جلد 4 صفحہ 721
دارالکتب العلمیۃ 2006)(اللؤلؤ المکنون سیرت انسائیکلوپیڈیا جلد 9
صفحہ 469 دارالسلام)۔

അതുപോലെ, ഹദ്റത്ത് അബൂ മൂസാ അശ്അരിയുടെ ഗോത്രത്തിൽപ്പെട്ട ആളുകളും നബി ﷺ യുടെ അടുക്കൽ വാഹനം ആവശ്യപ്പെട്ടു. അവരും ആറുപേരുണ്ടായിരുന്നു. അവർ ഹദ്റത്ത് അബൂ മൂസാ അശ്അരിയെ തങ്ങളുടെ പ്രതിനിധിയായി നബിതിരുമേനിﷺയുടെ അടുത്തേക്ക് അയച്ചു. അവിടുന്ന് അവരോടും അവർക്ക് നല്കാൻ തന്റെ അടുക്കൽ ഒന്നുമില്ല എന്നു പറഞ്ഞു

ബുഖാരിയുടെ ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: അവർക്ക് നല്കാൻ തന്റെ പക്കൽ ഒന്നുമില്ലെന്ന് അവിടുന്ന് സത്യം ചെയ്തു പറഞ്ഞു. ഇതുകേട്ട് അവർ കരഞ്ഞുകൊണ്ട് അവിടുന്ന് മടങ്ങി.

എന്നാൽ ഇതിനിടയിൽ നബിതിരുമേനിﷺ ഹദ്റത്ത് സഅദ് ബിൻ ഉബാദയിൽ നിന്ന് ഒട്ടകങ്ങളെ വാങ്ങുകയും ഹദ്റത്ത് അബൂ മൂസാ അശ്അരിയെ വിളിച്ചുവരുത്തുകയും ചെയ്തു. അവിടുന്ന് പറഞ്ഞു: ഈ ഒട്ടകങ്ങളെ കൊണ്ടുപോയി നിങ്ങൾക്കും നിങ്ങളുടെ കൂട്ടുകാർക്കും നല്കുക.

ഈ സംഭവത്തിന്റെ വിശദാംശങ്ങൾ ഹദ്റത്ത് അബൂ മൂസാ അശ്അരി തന്നെ വിവരിക്കുന്നു. ബുഖാരിയിലുള്ളത് ഇങ്ങനെയാണ്: ഹദ്റത്ത് അബൂ മൂസാ അശ്അരി പറയുന്നു: അശ്അരിയിലെ (ഗോത്രത്തിലെ) ചില ആളുകളോടൊപ്പം ഞാൻ വാഹനം ചോദിക്കാൻ വേണ്ടി നബിതിരുമേനിﷺയുടെ അടുക്കൽ പോയി. അവിടുന്ന് പറഞ്ഞു: അല്ലാഹുവാണ! ഞാൻ നിങ്ങൾക്ക് വാഹനം നല്കില്ല. നിങ്ങൾക്ക് സഞ്ചരിക്കാനായി തരുന്നതിന് എന്റെ അടുക്കൽ മൃഗങ്ങളില്ല.

അപ്പോഴേക്കും നബിതിരുമേനിﷺയുടെ അടുക്കൽ യുദ്ധ മുതലുകളുമായി ഒട്ടകങ്ങൾ കൊണ്ടുവന്നു. അപ്പോൾ അവിടുന്ന് ഞങ്ങളെക്കുറിച്ച് അന്വേഷിച്ചു. ആ അശ്അരിക്കാർ എവിടെ എന്ന് ചോദിക്കുകയും അഞ്ച് വെളുത്ത കൂനുള്ള ഒട്ടകങ്ങൾ ഞങ്ങൾക്ക് നല്കാൻ കൽപ്പിക്കുകയും ചെയ്തു. മടങ്ങുമ്പോൾ ഞങ്ങൾ പറഞ്ഞു: നമ്മൾ ചെയ്ത കാര്യം ഒരിക്കലും നമുക്ക് അനുഗ്രഹമായിരിക്കില്ല. ഞങ്ങൾ ഇപ്രകാരം ചിന്തിച്ച് നബിതിരുമേനിﷺയുടെ അടുക്കൽ മടങ്ങിപ്പോയി പറഞ്ഞു: ഞങ്ങൾ അങ്ങയോട് വാഹനം നല്കാൻ അഭ്യർഥിച്ചു, അപ്പോൾ അങ്ങ് വാഹനം നല്കില്ലെന്ന് സത്യം ചെയ്തു പറയുകയുകയുണ്ടായി. വാഹനം നല്കില്ലെന്ന് അങ്ങ് സത്യം ചെയ്തത് മറന്നുപോയോ?

നബിതിരുമേനിﷺ പറഞ്ഞു: ഞാനല്ല നിങ്ങൾക്ക് വാഹനം നല്കിയത്, മറിച്ച് അല്ലാഹുവാണ് നിങ്ങൾക്ക് വാഹനം നല്കിയത്. അല്ലാഹുവാണ! ഞാൻ ഒരു ശപഥം ചെയ്യുകയും, അതിനു ശേഷം അതിനേക്കാൾ നല്ല ഒരു കാര്യം കാണുകയും ചെയ്താൽ തീർച്ചയായും ഞാൻ നല്ല കാര്യം ചെയ്യുന്നതാണ്, ഇൻശാ അല്ലാഹ്. ചെയ്ത ശപഥത്തിന് പ്രായശ്ചിത്തം (കഫ്ഫാറ) നല്കുകയും ചെയ്യും

ഞാൻ ശപഥം ചെയ്തിരുന്നെങ്കിലും പിന്നീട് സൗകര്യം ഒത്തുവന്നപ്പോൾ ആ ഏർപ്പാട് ചെയ്തത് അല്ലാഹുവാണല്ലോ. ഇനി അത്തരം ഒരു ശപഥം ചെയ്തതായ സംശയം എന്നെ ഗ്രസിച്ചാൽ തന്നെയും അതിനെക്കാൾ നല്ല ഒരു കാര്യം മുന്നിൽ വന്നാൽ, ഞാൻ ആ ശപഥം അവസാനിപ്പിച്ച് അതിന് പ്രായശ്ചിത്തം ചെയ്യും.

മറ്റൊരു നിവേദനത്തിൽ ഹദ്റത്ത് അബൂ മൂസാ അശ്അരി رضی اللہ عنہൽ നിന്നുള്ള നിവേദനം; അദ്ദേഹം പറഞ്ഞു, എന്റെ കൂട്ടുകാർ എന്നെ റസൂലുല്ലാഹിﷺയുടെ അടുത്തേക്ക് അയച്ചത് അവർക്കുവേണ്ടി വാഹനങ്ങൾ ചോദിക്കാനാണ്, കാരണം അവരും തിരുമേനിയോടൊപ്പം ജൈശുൽ ഉസ്റയിൽ (തബൂക്ക് യുദ്ധത്തിൽ) ഉണ്ട്. ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകരേ, എന്റെ കൂട്ടുകാർ എന്നെ അങ്ങയുടെ അടുത്തേക്ക് അയച്ചത് ഞങ്ങൾക്ക് വാഹനങ്ങൾ കിട്ടാനാണ്. അവിടുന്ന് പറഞ്ഞു: അല്ലാഹുവാണ! നിങ്ങൾക്ക് നല്കാൻ എന്റെ അടുക്കൽ ഒരു വാഹനവുമില്ല.

യാദൃച്ഛികമെന്ന് പറയട്ടെ അവിടുന്ന് അല്പം നീരസത്തിലായിരുന്ന സമയത്താണ് ഞാൻ അപേക്ഷിച്ചത്, അത് എനിക്ക് അറിയില്ലായിരുന്നു. നബിതിരുമേനിﷺയുടെ ഈ നിഷേധത്തിലുംപ്രവാചകന് എന്നോട് മനസ്സിൽ നീരസം തോന്നുമോ എന്ന ഭയത്തിലും ഞാൻ ദു:ഖിതനായി മടങ്ങി. ഞാൻ എന്റെ കൂട്ടുകാരുടെ അടുത്ത് തിരിച്ചെത്തി. നബിതിരുമേനി ﷺ പറഞ്ഞത് അവരെ അറിയിച്ചു. താമസിയാതെ, ഞാൻ ബിലാൽ رضی اللہ عنہ വിളിച്ചു പറയുന്നത് കേട്ടു: അബ്ദുല്ലാഹ് ബിൻ ഖൈസ്! ഞാൻ വിളികേട്ടു. അദ്ദേഹം പറഞ്ഞു: റസൂലുല്ലാഹ്ﷺയുടെ അടുത്തേക്ക് പോകുക, അവിടുന്ന് താങ്കളെ വിളിക്കുന്നു. (അവിടെ ആളുകളെ വിളിക്കാനുള്ള രീതി അതായിരുന്നു. ലൗഡ് സ്പീക്കറുകൾ ഉണ്ടായിരുന്നില്ല, ഇങ്ങനെയാണ് അറിയിച്ചിരുന്നത്).

ഞാൻ നബിതിരുമേനിﷺയുടെ അടുത്തുവന്നപ്പോൾ, അവിടുന്ന് പറഞ്ഞു: ഈ ഒട്ടകങ്ങളുടെ ജോഡികൾ എടുത്തുകൊള്ളുക. (ഈ ജോഡികൾ, അതായത് ആറ് ഒട്ടകങ്ങൾ, അവിടുന്ന് ഹദ്റത്ത് സഅദിൽ നിന്ന് അപ്പോൾ വാങ്ങിയതായിരുന്നു). അവിടുന്ന് പറഞ്ഞു: പോയ്ക്കൊള്ളുക, ഇത് നിങ്ങളുടെ കൂട്ടുകാരുടെ അടുക്കൽ കൊണ്ടുപോകുക, അവരോട് പറയുക: അല്ലാഹു (അല്ലെങ്കിൽ അവിടുന്ന് പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ) ഇവ നിങ്ങൾക്ക് സവാരി ചെയ്യാനായി പ്രദാനം ചെയ്തിരിക്കുന്നു, ഇവയിൽ കയറി യാത്ര ചെയ്യുക.

അങ്ങനെ ഞാൻ ആ ഒട്ടകങ്ങളുമായി അവരുടെ അടുത്തേക്ക് പോയി. ഞാൻ പറഞ്ഞു: നബി ﷺ ഈ ഒട്ടകങ്ങൾ നിങ്ങൾക്ക് സവാരിക്ക് നൽകിയിരിക്കുന്നു, പക്ഷേ, അല്ലാഹുവാണ!, നിങ്ങളിൽ ആരെങ്കിലും ഒരാൾ റസൂലുല്ലാഹ്ﷺ പറഞ്ഞത് കേട്ട വ്യക്തിയുടെ അടുത്തേക്ക് എന്റെ കൂടെ വരുന്നതുവരെ ഞാൻ നിങ്ങളെ ഇവയിൽ കയറി സഞ്ചരിക്കാൻ വിടില്ല. നബിതിരുമേനിﷺ പറയാത്ത ഒരു കാര്യം ഞാൻ സ്വന്തമായി പറഞ്ഞു എന്ന് നിങ്ങൾ കരുതരുതല്ലോ. (നബിതിരുമേനി ﷺ ആദ്യം അതു നിഷേധിച്ചു എന്നാണല്ലോ അദ്ദേഹം പറഞ്ഞത്. പിന്നീട് കുറച്ച് കഴിഞ്ഞ് ഒട്ടകങ്ങൾ കൊണ്ടുവന്നതോടെ താൻ ആദ്യം പറഞ്ഞത് സ്വന്തമായ നിലയിലാണെന്ന് അവർ ധരിക്കാതിരിക്കാൻ അദ്ദേഹം വളരെ ശ്രമിച്ചിരുന്നു. യഥാർഥത്തിൽ, നിങ്ങളിൽ ആരെങ്കിലും അവിടെയുണ്ടായിരുന്നെങ്കിൽ, അദ്ദേഹത്തെ വിളിക്കുക, നബിതിരുമേനിﷺ ആദ്യം ഇതാണ് മറുപടി നല്കിയത്, പിന്നീട് ഒട്ടകങ്ങൾ ഏർപ്പാടാക്കി എന്നതിന് അദ്ദേഹം സാക്ഷിയാകട്ടെ.

എന്തായാലും, ആളുകൾ പറഞ്ഞു: ഞങ്ങൾ താങ്കളെ സത്യവാനായി കരുതുന്നു. താങ്കൾക്ക് ഇഷ്ടമുള്ളത് ഞങ്ങൾ തീർച്ചയായും ചെയ്യും. ഹദ്റത്ത് അബൂ മൂസാ അശ്അരി رضی اللہ عنہ അവരിൽ നിന്ന് കുറച്ച് ആളുകളെയും കൂട്ടി, നബിതിരുമേനിﷺയുടെ സംസാരം (അതായത്, ആദ്യം നിഷേധിച്ചതും പിന്നീട് നല്കിയതും) കേട്ടവരുടെ അടുത്തുവന്നു. അബൂ മൂസാ അവരോട് പറഞ്ഞത് തന്നെ അവർ ഇവരോടും പറഞ്ഞു.

(بخاری کتاب المغازی باب غزوۃ تبوک... حدیث 4415)
بخاری کتاب فرض الخمس باب ومن الدلیل علی ان الخمس)
لنوائب المسلمین حدیث 3133)

നബിതിരുമേനിﷺയുടെ ശപഥത്തെക്കുറിച്ചുള്ള ഇതിന്റെ വിശദീകരണവും, അതിന്റെ കാരണവും, ശപഥത്തിന്റെ പ്രാധാന്യവും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہ തന്റെ ഒരു തഫ്സീറിൽ വിവരിച്ചിട്ടുണ്ട്:

ഇവിടെ ഒരു ചോദ്യം ഉയരുന്നു: തിരുമേനിയുടെ അടുക്കൽ വാഹനം ഇല്ലായിരുന്നെങ്കിൽ, അല്ലാഹുവാണ! ഞാൻ നിങ്ങൾക്ക് വാഹനം നല്കില്ല എന്ന് അവിടുന്ന് എന്തിനാണ് ശപഥം ചെയ്തത്? ഖുർആൻ കരീം, ഹദീസുകൾ, ചരിത്രം എന്നിവയിൽ നിന്ന് മനസ്സിലാകുന്നത്, യഥാർഥത്തിൽ നബിതിരുമേനിﷺയുടെ അടുക്കൽ വാഹനം ഉണ്ടായിരുന്നില്ല എന്നാണ്. ഉള്ള ഒരു കാര്യം നല്കാൻ വിസമ്മതിക്കുന്നെങ്കിലല്ലേ ശപഥം ചെയ്തു പറയുന്നതിൽ അർഥമുള്ളൂ. ഞാൻ ചന്ദ്രന്റെ അടുത്ത് പോകില്ല, അല്ലെങ്കിൽ ഞാൻ സൂര്യന്റെ അടുത്ത് പോകില്ല എന്ന് ആരെങ്കിലും ശപഥം ചെയ്യുമോ? അല്ലെങ്കിൽ ഞാൻ ഒരൊറ്റ തവണ കൊണ്ട് ഒരു ആനയെ വിഴുങ്ങില്ല എന്ന് ആരെങ്കിലും ശപഥം ചെയ്യുമോ? അതുപോലെ, അവിടുത്തെ അടുക്കൽ വാഹനം ഇല്ലാതിരുന്നിട്ടും എന്തിനാണ് ശപഥം ചെയ്തത്?

ഇതിന്റെ മറുപടി ഇതാണ്: അപരിഷ്കൃതരും സാംസ്കാരികമായി പുരോഗതി പ്രാപിച്ചിട്ടില്ലാത്തവരുമായ ആളുകൾ ശപഥം ചെയ്യാതെ മറ്റൊരാളുടെ വാക്ക് വിശ്വസിക്കില്ല. നമ്മുടെ അടുക്കൽ ചിലപ്പോൾ ആളുകൾ വന്ന്, ഞങ്ങളുടെ ഇന്ന കാര്യം ചെയ്ത് തരുക എന്ന് പറയും. ഞങ്ങൾക്ക് ഇക്കാര്യം ചെയ്യാൻ കഴിയില്ല എന്ന് നമ്മൾ പറയുമ്പോൾ അവർ പറയും, നിങ്ങൾക്ക് എല്ലാം ചെയ്യാൻ കഴിയും. അതായത്, ഞങ്ങൾക്ക് ചെയ്യാൻ കഴിയുമെങ്കിലും കഴിയില്ലെന്ന് കള്ളം പറയുകയാണെന്ന് അവർ കരുതുന്നു.

ഇതുപോലെ, ആ ആളുകളും അപരിഷ്കൃതരും സംസ്കാരമി

ല്ലാത്തവരും ആയിരുന്നു. അവർ പുതിയതായി വന്നവരുമായിരുന്നു. റസൂൽ കരീംﷺയുടെ സത്യത, മാന്യത, മഹത്വം, ഉന്നതമായ സ്വഭാവം എന്നിവയെക്കുറിച്ച് അവർക്ക് അറിവില്ലായിരുന്നു. അവിടുന്ന് എന്റെ അടുക്കൽ വാഹനം ഇല്ല എന്ന് പറഞ്ഞപ്പോൾ, വാഹനം ഉണ്ട്, പക്ഷേ അവിടുന്ന് നിഷേധിക്കുകയാണ് എന്ന് അവർ കരുതി. അതുകൊണ്ട് അവർ നിർബന്ധിച്ചു, അങ്ങ് ഒരു രാജാവാണ്, അങ്ങയുടെ അടുക്കൽ വാഹനങ്ങൾ ഇല്ലാതിരിക്കുമോ?

കൂടാതെ, അറബികളുടെ ശീലം എന്തെന്നാൽ, ശപഥം ചെയ്യാതെ അവർക്ക് ഒരു കാര്യത്തിലും തൃപ്തി വരില്ല. ചെറിയ കാര്യങ്ങളിൽ പോലും അവർ **വല്ലാഹി, ബില്ലാഹി, സുമ്മ തല്ലാഹി** (അല്ലാഹുവാണ!) എന്ന് പറഞ്ഞുകൊണ്ടിരിക്കും. അതുകൊണ്ട്, അവരുടെ വാഹനം ചോദിച്ചുകൊണ്ടുള്ള നിർബന്ധത്തിന് ഒരേയൊരു മറുപടിയേ ഉണ്ടായിരുന്നുള്ളൂ, അതായത് നബി തിരുമേനിﷺ ശപഥം ചെയ്യുക.

ഇക്കൂട്ടർ അവിടുത്തെ മറുപടിയെ ഒരു ഒഴിവുകഴിവായി കരുതിയതുകൊണ്ട്, അവിടുന്ന് അവരുടെ തൃപ്തിക്ക് വേണ്ടിയും അവരിൽ നിന്ന് ഒഴിവാകാൻ വേണ്ടിയും ശപഥം ചെയ്തു. അവർ പോയപ്പോൾ, പിന്നീട് വാഹനം വന്നു, അവിടുന്ന് അവരെ വീണ്ടും വിളിച്ച് വാഹനം നല്കുകയും ചെയ്തു.

അതുകൊണ്ട് ആ ശപഥം സൂചിപ്പിച്ചത് എന്റെ സമയം പാഴാക്കരുത് എന്നായിരുന്നു. നബിതിരുമേനിﷺ പ്രകടിപ്പിച്ച ഒരു രീതിയായിരുന്നു ഇത്. വാക്കുകൊണ്ട് പറഞ്ഞില്ലെങ്കിലും, എന്റെ സമയം പാഴാക്കരുത്, നിർബന്ധിക്കരുത് എന്നാണ് അവിടുന്ന് പ്രകടിപ്പിച്ചത്. വാഹനം നല്കിയത് നന്മ ചെയ്യാനുള്ള ഒരവസരമായിരുന്നു. ആ അവസരം പാഴാക്കാൻ അവിടുന്ന് ആഗ്രഹിച്ചില്ല.

(نیکی کی تحریک پر فوراً عمل کرو، انوار العلوم جلد 18 صفحہ 571-572)

ഞാൻ നേരത്തെ ഓതിയ

وَّلَا عَلَى الَّذِيْنَ اِذَا مَآ اَتَوْكَ لِتَحْمِلَهُمْ قُلْتَ لَآ اَجِدُ مَآ اَحْمِلُكُمْ عَلَيْهِ ۖ تَوَلَّوْا وَّاَعْيُنُهُمْ تَفِيْضُ مِنَ الدَّمْعِ حَزَنًا اَلَّا يَجِدُوْا مَا يُنْفِقُوْنَ ﴿۹۲﴾

(അത്തൗബ: 49:92)

അതായത്, യുദ്ധം പ്രഖ്യാപിച്ച സമയത്ത് നിന്റെയടുക്കൽ വന്നവർക്കുമേൽ കുറ്റമൊന്നുമില്ല, അവർ വന്നത് നീ അവർക്ക് വാഹനം (സവാരി) നല്കാനായിട്ടാണ്. അപ്പോൾ നീ മറുപടി നല്കി: നിങ്ങൾക്ക് സവാരി തന്ന് പറഞ്ഞയക്കാൻ എന്റെ കൈവശം ഒന്നുമില്ല. ഈ മറുപടി കേട്ട് അവർ മടങ്ങിപ്പോയി. കൂടാതെ, ദൈവമാർഗത്തിൽ ചെലവഴിക്കാൻ തങ്ങളുടെ പക്കൽ ഒന്നുമില്ലല്ലോ എന്ന ദുഃഖം കാരണം അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു.എന്ന ആയത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ഇപ്രകാരം വ്യാഖ്യാനിക്കുന്നു, ഇത് പ്രയോഗത്തിൽ പൊതുവായ സംഗതിയാണെങ്കിലും, ഇതിൽ സൂചിപ്പിക്കുന്നത് ഏഴ് ദരിദ്രരായ മുസ്‌ലീങ്ങളെയാണ്. അവർ ജിഹാദിന് പോകാൻ അത്യധികം വെമ്പൽ കൊണ്ടിരുന്നു, എന്നാൽ തങ്ങളുടെ ഹൃദയത്തിലെ ആഗ്രഹം പൂർത്തിയാക്കാൻ അവർക്ക് സൗകര്യങ്ങൾ ഉണ്ടായിരുന്നില്ല. അവർ നബിതിരുമേനിﷺയുടെ അടുക്കൽ ഹാജരായി. തങ്ങൾക്ക് വേണ്ടി ഒരു വാഹന സൗകര്യം ഏർപ്പാട് ചെയ്തു തരാൻ അപേക്ഷിച്ചു. നബിതിരുമേനിﷺ പറഞ്ഞു: എനിക്ക് ഒരു സൗകര്യവും ചെയ്യാൻ കഴിയാത്തതിൽ വിഷമമുണ്ട്. അപ്പോൾ അവർക്ക് വലിയ ദുഃഖമുണ്ടായി. അവരുടെ കണ്ണുകൾ ഈറനണഞ്ഞു. അവർ മടങ്ങിപ്പോയി. പറയപ്പെടുന്നു: അവർ പോയതിന് ശേഷം ഹദ്റത്ത് ഉസ്മാൻ رضی اللہ عنہ മൂന്ന് ഒട്ടകങ്ങൾ നല്കി, മറ്റു മുസ്‌ലീങ്ങൾ നാല് ഒട്ടകങ്ങളും നല്കി. നബിതിരുമേനിﷺ ഓരോ വ്യക്തിക്കും ഓരോ ഒട്ടകം വീതം നല്കി. ധനികരായിരുന്നിട്ടും യാത്ര ചെയ്യാനുള്ള മാർഗങ്ങളുണ്ടായിരുന്നിട്ടും ഒഴികഴിവുകൾ തേടിയവരുമായി ഈ ദരിദ്രരായ മുസ്‌ലീങ്ങളുടെ ആത്മാർഥതയെ താരതമ്യം ചെയ്ത് കാണിക്കാൻ വേണ്ടിയാണ് വിശുദ്ധ ഖുർആൻ ഈ സംഭവം വിവരിച്ചത്.

ഒരുഭാഗത്ത് ഈ ദരിദ്രരുടെ അവസ്ഥയും അവരുടെ ആവേശവും, വികാരവും, ഈമാനും; മറുഭാഗത്ത് ധനികരായ ആളുകൾ തങ്ങളെ മുസ്‌ലീങ്ങൾ എന്ന് പറയുന്നുണ്ടെങ്കിലും കപടവിശ്വാസം നിറഞ്ഞവരായിരുന്നു. ഈ ആയത്തിൽ നിന്ന് ഒരു കാര്യം കൂടി മനസ്സിലാക്കാം: യുദ്ധത്തിനു പോകാതെ മദീനയിൽ തങ്ങിയവരെല്ലാം കപടവിശ്വാസികൾ ആയിരുന്നില്ല. മറിച്ച് ചിലർക്ക് സാമഗ്രികൾ ഇല്ലാത്തതിനാൽ പോകാൻ കഴിയാതെവന്നു. അവരിൽ ആത്മാർഥതയുള്ള മുസ്‌ലീങ്ങളും ഉണ്ടായിരുന്നു, പക്ഷേ യാത്രാ സൗകര്യമില്ലാത്തതിനാൽ അവർക്ക് പോകാൻ കഴിഞ്ഞില്ല.

(دروس حضرت مصلح موعودؓ (غیر مطبوعہ) تفسیر سورۃ التوبہ زیر آیت 92)۔

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് رضی اللہ عنہ വിവരിക്കുന്നു:

നമ്മൾ സിറിയയിലേക്ക് പോകുകയാണ് എന്ന നബിതിരുമേനിﷺയുടെ പ്രഖ്യാപനത്തിൽ മുസ്‌ലീങ്ങൾ ആത്മാർഥതയോടെയും ആവേശത്തോടെയും മുന്നോട്ട് വന്ന് ത്യാഗങ്ങൾ ചെയ്യുകയായിരുന്നു. ദരിദ്രരായ മുസ്‌ലീങ്ങളുടെ കൈവശം യുദ്ധത്തിനുള്ള സാധനങ്ങൾ എവിടെ? അവരുടെ പക്കൽ ഒന്നും ഉണ്ടായിരുന്നില്ല. ഭരണകൂടത്തിന്റെ ഖജനാവും കാലിയായിരുന്നു. അവരുടെ സമ്പന്നരായ സഹോദരങ്ങൾക്ക് മാത്രമേ അവരെ സഹായിക്കാൻ കഴിയുമായിരുന്നുള്ളൂ. അതിനാൽ, ഓരോ വ്യക്തിയും ത്യാഗത്തിൽ മറ്റൊരാളെ മറികടക്കാൻ ശ്രമിക്കുകയായിരുന്നു.

ഹദ്റത്ത് ഉസ്മാൻ رضی اللہ عنہ ആ ദിവസം തന്റെ ധനത്തിന്റെ ഭൂരിഭാഗവും നബി തിരുമേനിﷺയുടെ അടുക്കൽ സമർപ്പിച്ചു. അത് ആയിരം സ്വർണ്ണ ദീനാർ ആയിരുന്നു. (അവിടുന്ന് ഇത് വിവരിക്കുന്ന സമയത്ത് ഇരുപത്തിയയ്യായിരം രൂപ, ഇന്ന് അതിന് ലക്ഷങ്ങളുടെ വിലയുണ്ട്). അതുപോലെ, സ്വഹാബികൾ തങ്ങളുടെ കഴിവനുസരിച്ച് സംഭാവനകൾ നല്കുകയും, ദരിദ്രരായ മുസ്‌ലീങ്ങൾക്കായി വാഹനങ്ങളോ, വാളുകളോ, കുന്തങ്ങളോ ഒരുക്കിക്കൊടുക്കുകയും ചെയ്തു.

സഹാബികൾക്ക് ത്യാഗം ചെയ്യാൻ ഉത്കടമായ ആവേശമായിരുന്നു. ഇസ്‌ലാം സ്വീകരിച്ച് മദീനയിലേക്ക് ഹിജ്റത്ത് ചെയ്ത് വന്ന, വളരെ ദാരിദ്ര്യത്തിൽ കഴിഞ്ഞിരുന്ന യമനിലെ ചിലർ നബി തിരുമേനിﷺയുടെ അടുക്കൽ ഹാജരായിക്കൊണ്ടു പറഞ്ഞു: യാ റസൂലല്ലാഹ് ﷺ, ഞങ്ങളെയും അങ്ങയുടെ കൂടെ കൊണ്ടുപോകുക. ഞങ്ങൾക്ക് മറ്റൊന്നും വേണ്ട, അവിടെയെത്താനുള്ള സൗകര്യം മാത്രം ലഭിച്ചാൽ മതി.

ഞാൻ നേരത്തെ ഓതിയ ഖുർആൻ വചനത്തിൽ ഇത്തരം ആളുകളെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

وَّلَا عَلَى الَّذِيْنَ اِذَا مَآ اَتَوْكَ لِتَحْمِلَهُمْ قُلْتَ لَآ اَجِدُ مَآ اَحْمِلُكُمْ عَلَيْهِ ۖ تَوَلَّوْا وَّاَعْيُنُهُمْ تَفِيْضُ مِنَ الدَّمْعِ حَزَنًا اَلَّا يَجِدُوْا مَا يُنْفِقُوْنَ ﴿۹۲﴾

(അത്തൗബ: 49:92)

അതായത്, യുദ്ധം പ്രഖ്യാപിച്ച സമയത്ത് നിന്റെയടുക്കൽ വന്നവർക്കുമേൽ കുറ്റമൊന്നുമില്ല, അവർ വന്നത് നീ അവർക്ക് വാഹനം (സവാരി) നല്കാനായിട്ടാണ്. അപ്പോൾ നീ മറുപടി നല്കി: നിങ്ങൾക്ക് സവാരി തന്ന് പറഞ്ഞയക്കാൻ എന്റെ കൈവശം ഒന്നുമില്ല. ഈ മറുപടി കേട്ട് അവർ മടങ്ങിപ്പോയി. കൂടാതെ, ദൈവമാർഗത്തിൽ ചെലവഴിക്കാൻ തങ്ങളുടെ പക്കൽ ഒന്നുമില്ലല്ലോ എന്ന ദുഃഖം കാരണം അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. അപ്പോൾ അവർ നിന്റെ സദസ്സിൽ നിന്ന് എഴുന്നേറ്റുപോയി, ഇന്ന് ഇസ്‌ലാമിക സേവനം ചെയ്യാൻ തങ്ങൾക്ക് ചെലവഴിക്കാൻ ഒരല്പം പോലും ധനം ഇല്ലല്ലോ എന്ന ദു:ഖത്തിൽ അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു.

## • ഹദീഥുന്നബ്‌വിﷺ •

'പ്രായപൂർത്തിയായ ഓരോരുത്തരും വെള്ളിയാഴ്ച കുളിക്കേണ്ടത് നിർബന്ധമാകുന്നു. അവൻ ദന്തധാവിനി ഉപയോഗിക്കേണ്ടതും കഴിയുമെങ്കിൽ സുഗന്ധദ്രവ്യം ഉപയോഗിക്കേണ്ടതുമാകുന്നു.'(ബു. 11:3)

ത്വാലിബെ ദുആ
C. K.MUHAMMED SHAREEF&FAMILY
AHMADIYYA JAMA-ATH VANIYAMBALAM.

## • ഹദീഥുന്നബ്‌വിﷺ •

"കപടവിശ്വാസികളുടെ ലക്ഷണം മൂന്നാകുന്നു: അവൻ പറയുമ്പോൾ കള്ളം പറയുന്നു. അവനൊരു വാഗ്ദാനം ചെയ്താൽ അത് ലംഘിക്കുന്നു. അവനെ അമാനത്തുമുതൽ ഏല്പിച്ചാൽ വിശ്വാസവഞ്ചന കാണിക്കുന്നു.' (ബു. 2:23)

ത്വാലിബെ ദുആ
LATE T.K.SIDHIQUE AND FAMILY
KARULAI, MALAPPURAM

ഈ ആളുകളുടെ നേതാവ് അബൂ മൂസാ (അൾഅരി) ആയിരുന്നു. ആ സമയത്ത് നിങ്ങൾ റസൂലുല്ലാഹ്ﷺയോട് എന്താണ് ചോദിച്ചത് എന്ന് അദ്ദേഹത്തോട് ചോദിച്ചപ്പോൾ, അദ്ദേഹം പറഞ്ഞു: അല്ലാഹുവാണ! ഞങ്ങൾ ഒട്ടകങ്ങളെയോ, കുതിരകളെയോ ചോദിച്ചില്ല. ഞങ്ങൾ പറഞ്ഞത് ഇത്രമാത്രം: ഞങ്ങൾ നഗ്നപാദരാണ്. ഞങ്ങളുടെ കാലിൽ ചെരിപ്പോ ബൂട്ടോ ഇല്ല. ചെരിപ്പില്ലാതെ ഇത്രയും ദൂരമുള്ള യാത്ര നടന്ന് പോകാൻ ഞങ്ങൾക്ക് കഴിയില്ല. ഞങ്ങൾക്ക് ഒരു ജോഡി ചെരിപ്പുകൾ മാത്രം ലഭിച്ചാൽ മതിയാകും. അങ്ങനെയെങ്കിൽ, ഞങ്ങൾ ചെരിപ്പിട്ട് ഓടിച്ചെന്ന് ഞങ്ങളുടെ സഹോദരങ്ങളോടൊപ്പം ഈ യുദ്ധത്തിൽ പങ്കുചേരാൻ എത്തിച്ചേർന്നോളാം.

(دیباچہ تفسیر القرآن، انوار العلوم جلد20 صفحہ 361-360)

ഇതായിരുന്നു അവർക്കുണ്ടായിരുന്ന ആവേശവും ഔത്സുക്യവും!

ഈ യുദ്ധത്തിന് പോകുമ്പോൾ, മദീനയിൽ പ്രതിനിധികളെ നിയമിക്കുന്നതിനെക്കുറിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. തബൂക്ക് യുദ്ധ സന്ദർഭത്തിൽ നബിതിരുമേനി ﷺ മദീനയിൽ ഒരാളെ തന്റെ പ്രതിനിധിയായി നിയമിച്ചു. ഇതിനെക്കുറിച്ച് വിവിധ അഭിപ്രായങ്ങൾ കാണുന്നു. ഒരു അഭിപ്രായ പ്രകാരം, നബിതിരുമേനിﷺ ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ മദീനയിൽ തന്റെ അമീർ ആയി നിയമിച്ചു. കൂടാതെ, ഹദ്റത്ത് സ്വബാഹ് ബിൻ ഉർഫ, ഹദ്റത്ത് അലി, ഹദ്റത്ത് അബ്ദുല്ല ബിൻ ഉമ്മി മക്തൂം എന്നിവരുടെ പേരുകളും വരുന്നു.

۔(السیرۃ الحلبیۃ جلد 3 صفحہ 185، غزوہ تبوک، دار الکتب العلمیۃ2002ء)۔

ഈ വിവിധ നിവേദനങ്ങളെ എങ്ങനെ യോജിപ്പിക്കാം എന്നും ഈ നാല് പേരുകൾ യഥാർത്ഥത്തിൽ ശരിയാണോ എന്നും മനസ്സിലാക്കാനുള്ള ഒരു രീതി ഇതാണ്: ഈ നാല് പേരെയും പ്രതിനിധികളായി നിയമിച്ചു, എന്നാൽ അവരുടെ ഉത്തരവാദിത്വങ്ങളിൽ വ്യത്യാസമുണ്ടായിരുന്നു.

ഹദ്റത്ത് അലിയുടെؓ ചുമതല നബിതിരുമേനിﷺയുടെ കുടുംബാംഗങ്ങളെ ശ്രദ്ധിക്കൽ ആയിരുന്നു. ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ മദീനയിലെ ജനങ്ങളുടെ പൊതുവായ കാര്യങ്ങളുടെ ഉത്തരവാദിത്വമുള്ള ആളായിരുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമ്മി മക്തൂമിന്റെ ؓ ചുമതല നമസ്കാരങ്ങൾക്ക് ഇമാമത്ത് വഹിക്കുക എന്നതായിരുന്നു. ഹദ്റത്ത് സ്വബാഹ് ബിൻ ഉർഫയെ ആദ്യം മദീനയുടെ പൊതുകാര്യങ്ങളുടെ പ്രതിനിധിയായി നിയമിച്ചിരുന്നു, പിന്നീട് അദ്ദേഹത്തിന് പകരം ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമയെ ചുമതലപ്പെടുത്തി.

۔(شرح العلامۃ الزرقانی علی المواھب اللدنیہ جلد4 صفحہ 81 دار الکتب العلمیۃ بیروت1996ء)۔۔(دائرہ معارف سیرت محمد رسول اللہ ﷺ صفحہ 480 بزم اقبال لاہور)

ഇതൊരു ദീർഘയാത്ര ആയിരുന്നതിനാൽ, നബിതിരുമേനിﷺ തന്റെ കുടുംബാംഗങ്ങളെ പരിചരിക്കുന്നതിനും ഗാർഹിക ആവശ്യങ്ങൾ പൂർത്തിയാക്കുന്നതിനും വേണ്ടി ഹദ്റത്ത് അലിയോട് ؓ മദീനയിൽ തന്നെ തങ്ങാൻ കൽപ്പിച്ചു.

എന്നാൽ, കുത്തുവാക്കുകൾ പറയുക എന്നത് പതിവാക്കിയ കപടവിശ്വാസികൾ, ഹദ്റത്ത് അലിയെؓ മദീനയിൽ നിർത്തിയതിനെക്കുറിച്ച് മോശം സംസാരം തുടങ്ങി. ഇയാൾ നബിതിരുമേനി ﷺക്ക് ഒരു ഭാരമായിരുന്നു, അതുകൊണ്ടാണ് അവിടുന്ന് കൂടെ കൊണ്ടുപോകാതിരുന്നത് എന്ന് അവർ പറഞ്ഞുനടന്നു. ഈ കുത്തുവാക്കുകൾ കേട്ടപ്പോൾ, അല്ലെങ്കിൽ ചുറ്റുമുള്ള കപടവിശ്വാസികളെ കണ്ടപ്പോൾ, ഹദ്റത്ത് അലിؓക്ക് അസ്വസ്ഥത തോന്നി. അദ്ദേഹം ഉടൻ തന്നെ ആയുധമെടുത്ത് നബിതിരുമേനിﷺയുടെ അടുക്കൽ ഹാജരായി. അവിടുന്ന് അപ്പോഴും മദീനയിൽ നിന്ന് ഏകദേശം മൂന്ന് കിലോമീറ്റർ അകലെയുള്ള ജുർഫ് എന്ന സ്ഥലത്ത് തങ്ങുകയായിരുന്നു.

ഹദ്റത്ത് അലി ؓ തന്റെ ആശങ്കയും പരിഭ്രമവും സൂചിപ്പിച്ചു. അദ്ദേഹം പറഞ്ഞു: അങ്ങ് എന്നെ സ്ത്രീകളുടെയും കുട്ടികളുടെയും ഇടയിൽ വിട്ടുപോന്നിരിക്കുന്നു. ഞാൻ ശക്തിയും കഴിവും ഉള്ളവനാണ്. അപ്പോൾ നബിതിരുമേനി ﷺ ഹദ്റത്ത് അലിയെ ആശ്വസിപ്പിച്ചുകൊണ്ട് ഒരു വാചകം പറഞ്ഞു, അത് ഹദ്റത്ത് അലിയുടെ മഹത്വത്തെയും പദവിയെയും പ്രോജ്ജ്വലിപ്പിക്കുന്നു.

നബിതിരുമേനിﷺ ഹദ്റത്ത് അലിയോട് ؓ പറഞ്ഞു:

اَلَا تَرْضٰی أَنْ تَکُوْنَ مِنِّیْ بِمَنْزِلَۃِ ھَارُوْنَ
مِنْ مُوْسٰی إِلَّا أَنَّہٗ لَیْسَ نَبِیٌّ بَعْدِی

അർഥം: ഓ അലീ, എനിക്ക് നീ മൂസായ്ക്ക് ഹാറൂനെപ്പോലെ ആകുന്നതിൽ നീ തൃപ്തനല്ലേ? ഒരു വ്യത്യാസം മാത്രം, എനിക്കു ശേഷം നീ പ്രവാചകനല്ല. (അതായത്, ഹദ്റത്ത് മൂസാ علیہ السلام സീനാ പർവതത്തിലേക്ക് പോയപ്പോൾ ഹദ്റത്ത് ഹാറൂൺ علیہ السلام അദ്ദേഹത്തിന്റെ പ്രതിനിധിയായിരുന്നു, എന്നാൽ അദ്ദേഹം ഒരു പ്രവാചകനുമായിരുന്നു. നീയും എന്റെ പ്രതിനിധിയായിരിക്കും. പക്ഷേ, പ്രവാചകനായിരിക്കില്ല.)

۔( صحیح البخاری کتاب المغازی باب غزوۃ تبوک و ھی غزوۃ العسرۃ، حدیث4416)(اللؤلؤ المکنون سیرت انسائیکلوپیڈیا جلد 9 صفحہ 472 دار السلام)

തബൂക്കിലേക്കുള്ള മുസ്‌ലീങ്ങളുടെ എണ്ണത്തെക്കുറിച്ച് എഴുതിയിരിക്കുന്നു: നബിതിരുമേനി ﷺ യുദ്ധത്തിനു വേണ്ട എല്ലാവിധ ഭൗതിക മാർഗങ്ങളും സ്വീകരിച്ച ശേഷം, പ്രാർഥനയിലേക്ക് തിരിഞ്ഞു. ഒരുക്കങ്ങൾ തുടങ്ങിയത് മുതൽ തബൂക്കിലേക്ക് പുറപ്പെടുന്നതുവരെ അവിടുന്ന് ഈ പ്രാർഥന തുടർന്നു:

اَللّٰھُمَّ اِنْ تُھْلِکْ ھٰذِہِ الْعِصَابَۃُ
فَلَنْ تُعْبَدَ فِی الْأَرْضِ

അർഥം: അല്ലാഹുവേ, ഈ ചെറിയ സമൂഹം നശിച്ചുപോയാൽ, ഈ ഭൂമിയിൽ പിന്നെ നിന്റെ ആരാധകർ ആരുമുണ്ടാകില്ല. യാദൃച്ഛികമെന്നു പറയട്ടെ, നബിതിരുമേനിﷺയുടെ പ്രഥമ യുദ്ധമായ ബദർ യുദ്ധത്തിലും ഈ പ്രാർഥനയെക്കുറിച്ച് പരാമർശമുണ്ട്. അവിടുത്തെ ഈ അവസാനത്തെ യുദ്ധത്തിലും ഈ പ്രാർഥനയെക്കുറിച്ച് പരാമർശമുണ്ട്.

(المعجم الکبیر للطبرانی جلد18 صفحہ 231-232 دار احیاء التراث العربی2002ء)(کنز العمال جلد7 جزء13 صفحہ18 حدیث:36183 دار الکتب العلمیۃ2004ء)(سبل الھدیٰ والرشاد جلد5 صفحہ 434 دار الکتب العلمیۃ1993ء)

എന്തായാലും, കടുത്ത ചൂടുള്ള കാലാവസ്ഥയിലും, ദീർഘമായ യാത്രയിലും, മറ്റ് നിരവധി പ്രശ്നങ്ങളിലും, കപടവിശ്വാസികളുടെ പ്രചാരണങ്ങൾക്കിടയിലും മുപ്പതിനായിരം വരുന്ന ഒരു വലിയ സൈന്യം തയ്യാറായി. ഇതിൽ പതിനായിരം അശ്വഭടന്മാർ ഉണ്ടായിരുന്നു. നബിതിരുമേനി ﷺ തന്റെ ജീവിതത്തിൽ യുദ്ധത്തിനായി തയ്യാറാക്കിയ ഏറ്റവും വലിയ സൈന്യമായിരുന്നു ഇത്.

സൈന്യത്തിന്റെ എണ്ണം വിവിധ നിവേദനങ്ങളിൽ വ്യത്യസ്തമാണ്. ഒരു നിവേദനമനുസരിച്ച് നാൽപതിനായിരം എന്നും ഒരു അഭിപ്രായമുണ്ട്. മറ്റൊരു നിവേദനത്തിൽ എഴുപതിനായിരം എന്നും സൈന്യത്തിന്റെ എണ്ണം രേഖപ്പെടുത്തിയിട്ടുണ്ട്. നബിതിരുമേനിﷺയുടെ കൂടെ പതിനായിരം കുതിരകളോ, ചിലരുടെ അഭിപ്രായത്തിൽ പന്ത്രണ്ടായിരം കുതിരകളോ ഉണ്ടായിരുന്നു. ചരിത്രകാരന്മാർ മുപ്പതിനായിരം എന്ന കണക്കിലാണ് യോജിക്കുന്നത്. എന്നാൽ മിക്ക ചരിത്രകാരന്മാരും മുപ്പതിനായിരം എന്ന നിവേദനമാണ് ശരി എന്ന് പറഞ്ഞിട്ടുണ്ട്. ഇതൊരു കണക്ക് മാത്രമാണ്. കാരണം അക്കാലത്ത് യോദ്ധാക്കളെ എണ്ണാൻ രേഖകളോ രേഖാമൂലമുള്ള രജിസ്റ്ററുകളോ ഉണ്ടായിരുന്നില്ല. (പിന്നീട് ഖുലഫാഉർറാഷിദയുടെ കാലത്താണ് ഈ രീതി നിലവിൽ വന്നത്).

۔(السیرۃ الحلبیۃ جلد 3 صفحہ 185، غزوہ تبوک، دار الکتب العلمیۃ2002ء)(اللؤلؤ المکنون سیرت انسائیکلوپیڈیا جلد 9 صفحہ 474 دار السلام)۔

റസൂലുല്ലാഹ്ﷺ അൻസാരികളോടും അറബി ഗോത്രങ്ങളിലെ ഓരോ ശാഖയോടും ചെറി


**• ഹദീഥുന്നബ്‌വിﷺ •**

**'എന്റെ സമുദായത്തിനുമേൽ വലിയ ഒരു ചുമടു ഞാൻ ചുമത്തുകയില്ലായിരുന്നെങ്കിൽ ഓരോ വുളുവിനും ദന്തധാവനം ഞാൻ അവരോടു ആജ്ഞാപിക്കുമായിരുന്നു.' (ബു.30:27)**

ത്വാലിബെ ദുആ
**LATE P.V.SAINAB AND FAMILY**
KARULAI, MALAPPURAM

**• ഹദീഥുന്നബ്‌വിﷺ •**

**'ശുദ്ധീരണമില്ലാതെ നമസ്കാരമോ നിയമവിരുദ്ധ മാർഗങ്ങളിൽകൂടി സമ്പാദിച്ചതിൽ നിന്നുള്ള ധർമമോ സ്വീകരിക്കപ്പെടുന്നതല്ല.' (മിശ്ക്കാത്ത് 3:1)**

ത്വാലിബെ ദുആ
**PROF.M.K.ABDUL KAREEM AND FAMILY**
KARULAI, MALAPPURAM

യ പതാക (ലിവാ) അല്ലെങ്കിൽ വലിയ പതാക (റഅ്‌യ) ഉണ്ടാക്കാൻ കൽപ്പിച്ചു. തബൂക്ക് യുദ്ധത്തിൽ നബി ﷺ ഏറ്റവും വലിയ പതാക ഹദ്റത്ത് അബൂബക്കർ ؓവിനാണ് നല്കിയത്. കൂടാതെ, ഹദ്റത്ത് സുബൈർ ؓ, ഹദ്റത്ത് ഉസൈദ് ബിൻ ഹുളൈർ ؓ, ഹദ്റത്ത് അബൂ ദുജാന ؓ, ചില നിവേദനങ്ങളനുസരിച്ച് ഹദ്റത്ത് ഹബ്ബാബ് ബിൻ മുൻദിർ ؓ എന്നിവർക്കും പതാകകൾ നല്കി.

۔(لطبقات الکبریٰ لابن سعد جلد2 صفحہ 125، دار الکتب العلمیۃ بیروت 1990ء)(السیرۃ الحلبیۃ جلد3 صفحہ 186، غزوۃ تبوک، دار الکتب العلمیۃ بیروت 2002ء)(شرح العلامۃ الزرقانی علی المواہب اللدنیہ جلد4 صفحہ 83 دار الکتب العلمیۃ 1996ء)(اللؤلؤ المکنون سیرت انسائیکلوپیڈیا جلد9 صفحہ 475 دار السلام)۔

ഈ സമയത്ത് യാത്രാസംഘങ്ങൾ പുറപ്പെടുമ്പോൾ, വഴികളെക്കുറിച്ച് നന്നായി അറിയാവുന്ന ഒരു വഴികാട്ടിയെ (ഗൈഡ്) കൂടെ കൂട്ടാറുണ്ടായിരുന്നു. വഴികാട്ടിയെ നിയമിച്ചതിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ്: തബൂക്ക് യുദ്ധ സന്ദർഭത്തിൽ, റസൂലുല്ലാഹ് ﷺ അൽഖമ ബിൻ ഫഗ്‌വാ ഖുസാഇയെയും അദ്ദേഹത്തിന്റെ പിതാവിനെയും വഴികാട്ടിയായി തിരഞ്ഞെടുത്തു. അവർക്ക് വഴികളെക്കുറിച്ച് നന്നായി അറിയാമായിരുന്നു, വേഗത്തിൽ ശരിയായ വഴിയിലൂടെ കൊണ്ടുപോകാൻ അവർക്ക് കഴിമായിരുന്നു.

۔(شرح العلامۃ الزرقانی علی المواہب اللدنیہ جلد4 صفحہ 84 دار الکتب العلمیۃ بیروت 1996ء)۔

ഹദ്റത്ത് കഅബ് ബിൻ മാലിക് ؓ വിവരിക്കുന്നു: നബികരീംﷺ തബൂക്ക് യുദ്ധത്തിനായി വ്യാഴാഴ്ച പുറപ്പെട്ടു. അവിടുന്ന് വ്യാഴാഴ്ച യാത്ര പുറപ്പെടാൻ ഇഷ്ടപ്പെട്ടിരുന്നു.

۔(صحیح بخاری کتاب الجہاد و السیر باب من اراد غزوۃ فوری بغیرھا... حدیث 2950)۔

പൊതുരീതിനുസരിച്ച്, മദീനയിൽ നിന്ന് അൽപ്പം അകലെയുള്ള സനിയ്യത്തുൽ വദാഅ് എന്ന സ്ഥലത്ത് ആളുകൾ ഒരുമിച്ചു കൂടാൻ തുടങ്ങി. എല്ലാ ഒരുക്കങ്ങളും പൂർത്തിയായപ്പോൾ റസൂലുല്ലാഹ്ﷺ മദീനയിൽ നിന്ന് തബൂക്കിലേക്ക് പുറപ്പെട്ടു. കപടവിശ്വാസികളുടെ നേതാവായ അബ്ദുല്ലാഹ് ഇബ്നു ഉബയ്യ് ഇബ്നു സലൂൽ, തന്റെ അവസാനത്തെ കപടതന്ത്രം എന്ന നിലയിൽ, ഒരു സൈന്യവുമായി സനിയ്യത്തുൽ വദാഇന്റെ താഴെയുള്ള ദുബാബ് എന്ന മലയിൽ തമ്പടിച്ചിരുന്നു. താനും മുസ്‌ലീങ്ങളോടൊപ്പം തബൂക്കിനായി തയ്യാറെടുക്കുകയാണ് എന്ന പ്രതീതി അയാൾ നല്കിയിരുന്നു. എന്നാൽ, നബിതിരുമേനിﷺ സൈന്യത്തോട് തയ്യാറാകാൻ കൽപ്പിച്ച ഉടൻ, അബ്ദുല്ലാഹ് ഇബ്നു ഉബയ്യ്, തന്റെ സൈന്യത്തോടൊപ്പം (അല്ലെങ്കിൽ അവന്റെ സൈന്യം, അത് ഒരു വലിയ സംഖ്യയായിരുന്നു എന്ന് പറയപ്പെടുന്നു) മദീനയിലേക്ക് തിരിച്ചുപോയി. അയാൾ ഇങ്ങനെ പറഞ്ഞു: ഈ മുസ്‌ലീങ്ങൾ റോമാക്കാരുമായുള്ള യുദ്ധത്തെ ഒരു കളിയായി കരുതുകയാണ്. ഇതൊരു കളിയല്ല. റോം ഒരു വലിയ ഭരണകൂടമാണ്. ഇത്രയും കടുത്ത ചൂടിൽ, ഈ സാഹചര്യങ്ങളിൽ, ഇത്രയും ദൂരം യാത്ര പോകുന്നത് ബുദ്ധിയല്ല. അയാൾ പറഞ്ഞു: ഞാൻ മുഹമ്മദിന്റെ ﷺ കൂട്ടുകാരെ റോമാക്കാരുടെ കൈകളിൽ തടവുകാരായി കാണുന്നു. ഇത് പറഞ്ഞ് അയാൾ തിരിച്ചുപോയി. മുസ്‌ലീങ്ങളുടെ ധൈര്യം കെടുത്തുക എന്നതായിരുന്നു അയാളുടെ ലക്ഷ്യം. ഒരുപക്ഷേ ചില മുസ്‌ലീങ്ങൾ നബി ﷺയെ വിട്ടുപോകുമെന്നാണ് അയാൾ കരുതിയത്. എന്നാൽ, പതിവുപോലെ അയാൾ പരാജയപ്പെട്ടും നിരാശനായും കൊണ്ടാണ് മടങ്ങിയത്.

ഉഹുദ് യുദ്ധത്തിലും അയാൾ ഇതുതന്നെയാണ് ചെയ്തത്. അന്നും അയാൾ മുസ്‌ലീങ്ങളുടെ സൈന്യത്തോടൊപ്പം കുറച്ച് ദൂരം സഞ്ചരിച്ചു. എന്നിട്ട് വഴിയിൽ വച്ച് തന്റെ മുന്നൂറ് കൂട്ടുകാരുമായി തിരിച്ചുപോയി. അന്ന് മുസ്‌ലീങ്ങളുടെ ആകെ എണ്ണം ആയിരമായിരുന്നു. അത് എഴുനൂറായി കുറഞ്ഞു. ഇത് അതിനേക്കാൾ വലിയ സൈന്യമായിരുന്നു.

۔(شرح العلامۃ الزرقانی علی المواہب اللدنیہ جلد4 صفحہ 84، جلد2 صفحہ 401-400 دار الکتب العلمیۃ 1996ء)۔

(تاریخ الطبری جلد2 صفحہ 182، دار الکتب العلمیۃ بیروت 2012ء)

എന്തായാലും, ഈ യുദ്ധത്തിൽ ഒരടിമ തന്റെ യജമാനന്റെ അനുമതിയില്ലാതെ പങ്കെടുക്കാൻ വന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഈ വിവരം നബിതിരുമേനിﷺ അറിഞ്ഞപ്പോൾ, അനുമതിയില്ലാതെ വന്ന ആ അടിമയ്ക്ക് താക്കീത് നല്കി. അവിടുന്ന് അവനോട് പറഞ്ഞു: (അതിന്റെ വ്യാഖ്യാനത്തിൽ എഴുതിയിരിക്കുന്നു) നബികരീംﷺ സനിയ്യത്തുൽ വദാഇൽ തങ്ങുമ്പോൾ, ഒരു അടിമ ആയുധധാരിയായി വന്നത് കണ്ടു. അദ്ദേഹം തന്റെ യജമാനത്തിയുടെ അനുമതിയില്ലാതെ വന്നതായിരുന്നു. നബിതിരുമേനിﷺ അവനോട് യജമാനത്തിയുടെ അടുത്തേക്ക് തിരിച്ചുപോകാൻ കൽപ്പിച്ചു. അവിടുന്ന് അവനോട് ചോദിച്ചു, അവൻ അനുമതി വാങ്ങിയിട്ടില്ലെന്ന് പറഞ്ഞു. അപ്പോൾ അവിടുന്ന് പറഞ്ഞു: തിരിച്ചുപോകുക, നീ ഞങ്ങളോടൊപ്പം യുദ്ധത്തിൽ ചേരരുത്. നീ യുദ്ധത്തിൽ കൊല്ലപ്പെട്ടാൽ നരകത്തിൽ പോകും.

۔(شرح العلامۃ الزرقانی علی المواہب اللدنیہ جلد4 صفحہ 84-83 دار الکتب العلمیۃ بیروت 1996ء)۔

(അതായത്, സത്യസന്ധതയുടെയും വിശ്വസ്തതയുടെയും ഉടമസ്ഥന്റെ അനുമതി വാങ്ങുക എന്നതാണ്). എന്തായാലും, ഈ യുദ്ധത്തിന്റെ കൂടുതൽ വിശദാംശങ്ങൾ ഇൻശാ അല്ലാഹ് അടുത്ത തവണയും ഞാൻ വിവരിക്കുന്നതാണ്.

ഇനി ഞാൻ ചില മർഹൂമീങ്ങളെ അനുസ്മരിക്കുന്നതാണ്. അവരുടെ ജനാസ പിന്നീട് നമസ്കരിപ്പിക്കുന്നതായിരിക്കും. ഒന്നാമത്തെത്ത്, ഇന്തോനേഷ്യ ജമാഅത്തിലെ മുറബ്ബി ആയിരുന്ന ബഹുമാന്യ ഗുലാം മുഹയുദ്ദീൻ സുലൈമാൻ സാഹിബ് ആണ്. കഴിഞ്ഞ ദിവസം അറുപത്തി ഏഴാം വയസ്സിൽ വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി രാജിഊൻ.*

അദ്ദേഹത്തിന്റെ പിതാമഹൻ ഹാജി ദാമിനി സാഹിബ് 1932ൽ മൗലാനാ റഹ്മത്ത് അലി സാഹിബിന്റെ കൈകളിലാണ് ബൈഅത്ത് ചെയ്തത്. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം മർഹൂം ഉപരി പഠനത്തിനായി റബ്‌വയിലേക്ക് പോകുകയും അവിടെ ജാമിഅയിൽ പ്രവേശനം നേടുകയും ചെയ്തു. റബ്‌വയിലെ ഫസൽ ഖാസ് എന്ന ബാച്ചിലായിരുന്നു പഠനം. 1985 ജൂലൈയിൽ, അദ്ദേഹം ശഹാദത്ത് അൽഅജാനിബ് പരീക്ഷ പാസ്സായി ഇന്തോനേഷ്യയിലേക്ക് മടങ്ങി. (ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇന്റെ കാലത്താണ് അദ്ദേഹം പാസ്സായത്).

അദ്ദേഹം ഇന്തോനേഷ്യയിലെ ജക്കാർത്തയിലും അവിടത്തെ വിവിധ നഗരങ്ങളിലും നിയമിക്കപ്പെടുകയും, മേഖലാ മുബല്ലിഗ് ആയി സേവനമനുഷ്ഠിക്കുകയും ചെയ്തു. അതുപോലെ, കേന്ദ്ര കമ്മിറ്റികളിലും അദ്ദേഹം അംഗമായിരുന്നു. അദ്ദേഹത്തിന്റെ സേവന കാലയളവ് ഏകദേശം നാല്പതു വർഷമാണ്. അദ്ദേഹത്തിന് രണ്ട് ആൺ മക്കളും ഒരു മകളുമുണ്ട്.

അദ്ദേഹത്തിന്റെ ഒരു മകൻ മുസ്‌ലിഹുദ്ദീൻ ഇഹ്സാൻ സാഹിബ് മുറബ്ബി സിൽസിലയാണ്, അദ്ദേഹവും അവിടെത്തന്നെ സേവനമനുഷ്ഠിക്കുന്നു. അദ്ദേഹത്തെ അറിയുന്നവരും ബന്ധുക്കളും പറയുന്നു: അദ്ദേഹം ആത്മാർഥതയും ലാളിത്യവും നിറഞ്ഞ അതിരില്ലാത്ത സ്നേഹമുള്ള ഒരു വ്യക്തിയായിരുന്നു എന്നാണ്. തന്റെ ജീവിതം അഹ്മദിയ്യാ ജമാഅത്തിന്റെ ദീനീ സേവനത്തിനും മറ്റുള്ളവരുടെ നന്മയ്ക്കും വേണ്ടി അദ്ദേഹം സമർപ്പിച്ചു. വിനയം, സൗമ്യത, തത്ത്വദീക്ഷ എന്നിവ അദ്ദേഹത്തിൽ പ്രകടമായിരുന്നു. അദ്ദേഹവുമായി ബന്ധപ്പെട്ട ആരുംതന്നെ അദ്ദേഹത്തിന്റെ ആത്മാർഥതയിലും ലളിത സ്വഭാവത്തിലും ആകൃഷ്ടരാകാതിരുന്നില്ല.

തഅ്‌ലീം തർബിയത്ത് മേഖല


**• ഹദീഥുന്നബ്‌വിﷺ •**

**'നിങ്ങൾ വസ്ത്രം ധരിക്കുമ്പോഴും വുളു ചെയ്യുമ്പോഴും വലത്തുഭാഗം മുതൽ ആരംഭിക്കുക.'**
**(മിശ്ക്കാത്ത് 3:4)**

ത്വാലിബെ ദുആ
**RAHMAN SHAKEER & FAMILY**
AHMADIYYA JAMA-ATH KARULAI, KERALA

**• ഹദീഥുന്നബ്‌വിﷺ •**

**യാത്ര ചെയ്യുന്ന ഒരാൾക്ക് മൂന്നു പകലും രാത്രിയും യാത്രയിലല്ലാത്ത ഒരാൾക്ക് ഒരുപകലും രാത്രിയും അവൻ ശുദ്ധമായിരുന്നപ്പോൾ ഇട്ടതാണെങ്കിൽ അവന്റെ ബൂട്ട്സു തടകുവാൻ (കാലു കഴുകുന്നതിനു പകരം) അവിടന്ന് അനുവദിച്ചു. (മിശ്ക്കാത്ത് 3:9)**

ത്വാലിബെ ദുആ
**P. ABDUL AMEER**
AHMADIYYA JAMA-ATH MANJERY, KERALA

കളിൽ അദ്ദേഹത്തിന്റെ സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. അദ്ദേഹം എപ്പോഴും അറിവിനൊപ്പം ധാർമികമൂല്യങ്ങൾക്ക് പ്രാധാന്യം നല്കുകയും, പുതിയ തലമുറയെ നല്ല സദ്സ്വഭാവത്തിലും ഉറച്ച വിശ്വാസത്തിലും വളർത്തിയെടുക്കാൻ എപ്പോഴും ശ്രമിക്കുകയും ചെയ്തു. തബ്ലീഗ് പ്രവർത്തനങ്ങളിലും അദ്ദേഹം ഹൃദയാത്മനാ പങ്കെടുത്തു, എപ്പോഴും ആത്മാർഥതയോടെയും അന്തസ്സോടെയും സ്നേഹത്തോടെയും തന്റെ സന്ദേശം എത്തിച്ചു.

ഖിലാഫത്തുമായി അദ്ദേഹത്തിന് അഗാധമായ അടുപ്പം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ വിശ്വസ്തത മാതൃകാപരമായിരുന്നു. അദ്ദേഹം അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന വ്യക്തിയായിരുന്നു. അവസാന നാളുകളിൽ വലിയ ക്ഷമയും സ്ഥൈര്യവും അദ്ദേഹം പ്രകടിപ്പിച്ചു. രോഗാവസ്ഥയിൽ പോലും ഒരു പരാതിയും അദ്ദേഹത്തിന്റെ നാവിലുണ്ടായില്ല. എപ്പോഴും കൃതജ്ഞതയുടെ വികാരങ്ങൾ പ്രകടിപ്പിച്ചു. അല്ലാഹു മർഹൂമിന് മഗ്ഫിറത്തും റഹ്മത്തും നല്കി അനുഗ്രഹിക്കട്ടെ.

രണ്ടാമത്തേത്, ബഹുമാന്യ ഡോ. മുഹമ്മദ് ശഫീഖ് സഹഗൽ സാഹിബ് ആണ്. അദ്ദേഹം മുൽത്താൻ ജില്ലാ അമീർ ആയി സേവനമനുഷ്ഠിച്ചിട്ടുണ്ട്, അതിനുശേഷം റബ്വയിൽ നാഇബ് വക്കീൽ അൽതസ്നീഫ്, തഹ്‌രീക്കെ ജദീദ് എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹവും കഴിഞ്ഞ ദിവസം വഫാത്തായി. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.*

മർഹൂം അല്ലാഹുവിന്റെ അനുഗ്രഹത്താൽ മൂസി ആയിരുന്നു. അദ്ദേഹത്തിന് മൂന്ന് ആൺമക്കളുണ്ട്. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത്, അദ്ദേഹത്തിന്റെ പിതാവ് മിയാൻ മുഹമ്മദ് ഉമർ സഹഗൽ സാഹിബ് വഴിയാണ്. അദ്ദേഹം രണ്ടാം ഖിലാഫത്ത് കാലത്താണ് അഹമദിയ്യത്ത് സ്വീകരിച്ചത്. അദ്ദേഹം ഒരു പി.എച്ച്.ഡി ഡോക്ടർ ആയിരുന്നു. അദ്ദേഹം മെട്രിക്കുലേഷന് ശേഷം വഖ്ഫ് ചെയ്തുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിന്റെ ﵁ അടുക്കൽ തന്റെ ജീവിതം സമർപ്പിച്ചു. അപ്പോൾ അവിടുന്ന് അദ്ദേഹത്തോട് വിദ്യാഭ്യാസം തുടരാൻ ആവശ്യപ്പെട്ടു. ആ സമയത്ത് ഫസൽ ഉമർ റിസർച്ച് സെന്റർ സ്ഥാപിക്കാൻ ഒരു പദ്ധതിയുണ്ടായിരുന്നു. എന്തായാലും വിദ്യാഭ്യാസം തുടരുന്നതിന് വേണ്ടി അദ്ദേഹത്തിന് സയൻസിൽ താല്പര്യമുണ്ടായിരുന്നതിനാൽ അദ്ദേഹം ആദ്യം എം.എസ്.സി കെമിസ്ട്രി പൂർത്തിയാക്കി. അതിനുശേഷം ഇവിടെ യു.കെയിൽ നിന്ന് കെമിസ്ട്രിയിൽ പി.എച്ച്.ഡി നേടി. അദ്ദേഹത്തിന് ലഭിച്ച മറ്റൊരു ബഹുമതി എന്തെന്നാൽ അദ്ദേഹത്തിന്റെ ഒരു അധ്യാപകൻ നോബൽ സമ്മാന ജേതാവ് ആയിരുന്നു എന്നതാണ്.

ആ സമയത്ത് അദ്ദേഹം (ഡോക്ടർ സാഹിബ്) തിരികെ വന്നപ്പോൾ, ഇൻസ്റ്റിറ്റ്യൂട്ട് ഉടനെ സ്ഥാപിക്കാൻ കഴിഞ്ഞിരുന്നില്ല. അതിനാൽ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് ﵁ അദ്ദേഹത്തെ അവിടെ നിയമിച്ചില്ല, അദ്ദേഹം വെറുതെ ഇരിക്കുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ പിതാവ് പറഞ്ഞു: ജമാഅത്തിന് ഇപ്പോൾ ആവശ്യമില്ലെങ്കിൽ, എന്റെ കൂടെ ബിസിനസ്സിൽ പങ്കുചേരാൻ അദ്ദേഹത്തിന് അനുവാദം നല്കുക. അങ്ങനെ അദ്ദേഹം പിതാവിനോടൊപ്പം ബിസിനസ്സിൽ ചേർന്നു. അതോടൊപ്പം, വിവിധ നിലകളിൽ ജമാഅത്തിൽ സേവനം ചെയ്യാനും അദ്ദേഹത്തിന് അവസരം ലഭിച്ചു. ഏകദേശം 14,15 വർഷക്കാലം മുൽത്താൻ ജില്ലാ അമീർ ആയി സേവനമനുഷ്ഠിക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. അതുപോലെ ഫുർഖാൻ ഫോഴ്സിലും അദ്ദേഹം അംഗമായിരുന്നു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)ന്റ കാലത്ത്, കൊൽക്കത്തയിലെ രണ്ട് കുടുംബങ്ങൾ തമ്മിൽ ഒരു നീണ്ട തർക്കമുണ്ടായിരുന്നു. ആ കുടുംബക്കാർ അദ്ദേഹത്തിന്റെ ബന്ധുക്കളും ആയിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് ഒരു കമ്മീഷൻ രൂപീകരിച്ച് അദ്ദേഹത്തെ അവിടേക്ക് അന്വേഷണത്തിനായി അയച്ചു. അദ്ദേഹം വളരെ വിവേകത്തോടെ ആ പ്രശ്നം പരിഹരിച്ചു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അദ്ദേഹത്തോട് പറഞ്ഞിരുന്നു: നിങ്ങൾ ബന്ധുത്വ ത്തെ പരിഗണിക്കില്ലെന്നും, വളരെ സത്യസന്ധമായി തീരുമാനമെടുക്കുമെന്നും എനിക്കറിയാം. അതുപോലെ തന്നെയാണ് സംഭവിച്ചതും.

1991 ൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഇന്റെ നിർദേശപ്രകാരം അദ്ദേഹം ഉഗാണ്ടയിലും പോയി. അവിടെ ഒരു ഓയിൽ മിൽ സ്ഥാപിക്കാനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മേൽനോട്ടത്തിൽ അവിടെ ഓയിൽ മിൽ സ്ഥാപിച്ചു. അതുപോലെ ആഫ്രിക്കയിലെ മറ്റു മൂന്ന് രാജ്യങ്ങളിലും ഒരു യൂറോപ്യൻ രാജ്യത്തും ചില ഉത്തരവാദിത്തങ്ങൾ അദ്ദേഹത്തെ ഏൽപ്പിച്ചു, അവയെല്ലാം അദ്ദേഹം നിർവഹിച്ചു.

അദ്ദേഹം സ്വന്തമായി ബിസിനസ്സ് ചെയ്തിരുന്നപ്പോഴും (മുൽത്താനിൽ അദ്ദേഹത്തിന് വലിയ ഭക്ഷ്യഎണ്ണ മിൽ ഉണ്ടായിരുന്നു) ഒരു ചിന്ത അദ്ദേഹത്തിൽ എപ്പോഴും പ്രബലമായിരുന്നു: ഞാൻ വാഖിഫെ സിന്ദഗി (ജീവിതം സമർപ്പിച്ചയാൾ) ആണ്. തന്റെ ബിസിനസ്സ് തിരക്കുകൾ പോലും അദ്ദേഹം ജമാഅത്ത് കാര്യങ്ങൾക്കായി മാറ്റിവയ്ക്കുമായിരുന്നു.

എന്തായാലും, 2003ൽ അദ്ദേഹം എനിക്കെഴുതി: ഇനി ഞാൻ പൂർണ്ണമായി വഖ്ഫ് ചെയ്യാൻ ആഗ്രഹിക്കുന്നു, ബാക്കിയുള്ള ജീവിതം സേവനം ചെയ്യാൻ ആഗ്രഹിക്കുന്നു. അതിനാൽ ഞാൻ അദ്ദേഹത്തെ തഹ്‌രീക്കെ ജദീദിൽ നാഇബ് വക്കീൽ തസ്നീഫ് ആയി നിയമിച്ചു. അദ്ദേഹം വിദ്യാസമ്പന്നനും, മികച്ച വ്യക്തിത്വവും, മതപരമായ അറിവുള്ളവനും ആയിരുന്നു, അതിനാൽ അദ്ദേഹം ഈ ജോലി വളരെ വിവേകത്തോടെ നിർവഹിച്ചു.

അദ്ദേഹത്തിന്റെ മകൻ മഹ്മൂദ് സഹഗൽ സാഹിബ് പറയുന്നു: സജീവവും ലക്ഷ്യബോധമുള്ളതും ആരാധന നിറഞ്ഞതുമായ ഒരു ജീവിതം നയിക്കാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. ഖുർആൻ പാരായണം ചെയ്യുന്നതും അതിലെ വിഷയങ്ങളെക്കുറിച്ച് ചിന്തിക്കുന്നതും അദ്ദേഹത്തിന്റെ ഒരു പ്രത്യേക ഗുണമായിരുന്നു.

അദ്ദേഹത്തിന്റെ മരണത്തിൽ ദുഃഖം പ്രകടിപ്പിച്ചവരിൽ അധികം പേരും പറഞ്ഞത്, അദ്ദേഹത്തിന്റെ സ്വഭാവത്തിൽ സൗമ്യതയും വാത്സല്യവും ഉണ്ടായിരുന്നു, ആത്മാർത്ഥതയുടെ വികാരത്താൽ നിറഞ്ഞവനായിരുന്നു. സ്നേഹമുള്ള മനുഷ്യനായിരുന്നു. അദ്ദേഹത്തിന്റെ മാർക്ഷനിർദ്ദേശരീതിയും ശിക്ഷണ ശൈലിയും വളരെ മനോഹരമായിരുന്നു എന്നെല്ലാമാണ്.

അദ്ദേഹം പറയുമായിരുന്നു: ഞങ്ങളോട് എപ്പോഴും ജമാഅത്തിന്റെ വ്യവസ്ഥിതി അനുസരിക്കാൻ ഉപദേശിക്കുമായിരുന്നു. നിങ്ങളുടെ അഭിപ്രായം ശരിയായ ഫോറത്തിൽ മാത്രം പറയുക, എല്ലാ സ്ഥലത്തും സംസാരിക്കരുത്. എന്തെങ്കിലും തിരുത്തേണ്ടത് നിങ്ങൾ കണ്ടാൽ പോലും (അങ്ങനെ ചെയ്യുക). നിങ്ങൾ ആളുകളിലേക്കോ ഭാരവാഹികളിലേക്കോ നോക്കരുത്. നിങ്ങൾ ഖലീഫയെയാണ് ബൈഅത്ത് ചെയ്തിട്ടുള്ളത്. നമ്മൾ ചെയ്യേണ്ട കാര്യം ഖലീഫയോട് സംസാരിക്കുക, അദ്ദേഹത്തോടുള്ള വിശ്വസ്തതയുടെ വാഗ്ദാനം പൂർത്തിയാക്കുക, എന്നിവയാണ് എന്ന് അദ്ദേഹം എപ്പോഴും പറയുമായിരുന്നു.

അല്ലാഹു അദ്ദേഹത്തിന് പാപമോചനവും കാരുണ്യവും നല്കി അനുഗ്രഹിക്കട്ടെ.

മൂന്നാമത്തെത്, ബുശ്റ പർവേസ് മിൻഹാസ് സാഹിബ ആണ്. അവർ യു.എസ്.എയിലെ പർവേസ് മിൻഹാസ് സാഹിബിന്റെ ഭാര്യ ആയിരുന്നു. അവരും കഴിഞ്ഞ ദിവസങ്ങളിൽ മരണപ്പെട്ടു. *ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റാജിഊൻ.*

ചൗധരി ഫസൽ അഹ്മദ് സാഹിബ് (കരീം നഗർ നുസ്രത്താബാദിലെ ജമാഅത്ത് ഫാമുകളുടെ മുൻ മാനേജർ)ന്റെ മകളായിരുന്നു അവർ. വിവാഹത്തിന് മുമ്പ് അവർ ഹൈദരാബാദിൽ (സിന്ധ്) ലജ്നയിൽ ധാരാളം സേവനങ്ങൾ ചെയ്തിട്ടുണ്ട്. പിന്നീട് റാവൽപിണ്ടിയിൽ താമസിച്ചു, അവിടെയും സേവനം ചെയ്യാൻ അവസരം ലഭിച്ചു.

ഭർത്താവിനൊപ്പം അമേരിക്കയിലേക്ക് പോയപ്പോൾ, അവിടെ തന്റെ ഹൽഖയുടെ വൈസ് പ്രസിഡന്റ് ആയി സേവനം ചെയ്യാൻ അവർക്ക് അവസരം ലഭിച്ചു. (ഹൈദരാബാദ് പിണ്ടിയിൽ അവർ ലജ്നയുടെ പ്രസിഡന്റ് ആയിരുന്നു).

അവർ നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുന്ന, തഹജ്ജുദ് നമസ്കരിക്കുന്ന, അല്ലാഹുവിൽ ഭരമേൽപ്പിക്കുന്ന, ഖിലാഫത്തിനെ സ്നേഹിക്കുന്ന, അതിഥി സത്കാരം ചെയ്യുന്ന, സൗഹൃദമുള്ള, ഉപകാരം ചെയ്യുന്ന, പാവപ്പെട്ടവരെ സഹായിക്കുന്ന, വളരെ നല്ലആത്മാർത്ഥതയുള്ള വനിതയായിരുന്നു. ചന്ദകളിൽ കൃത്യമായി സാമ്പത്തിക ത്യാഗം ചെയ്ത് മുന്നോട്ട് വരുന്ന ആളായിരുന്നു.

ഖിലാഫത്തുമായി അവർക്ക് വലിയ ബന്ധമുണ്ടായിരുന്നു. അവർ എപ്പോഴും കത്തെഴുതുകയും തനിക്ക് വേണ്ടി ദുആ ചെയ്യാൻ

ആവശ്യപ്പെടുകയും ചെയ്യുമായിരുന്നു. മർഹൂമ മൂസിയായിരുന്നു. അവർക്ക് കുട്ടികൾ ഉണ്ടായിരുന്നില്ല, പക്ഷേ മറ്റുള്ളവരുടെ കുട്ടികളോട് വലിയ വാത്സല്യം കാണിച്ചിരുന്നു.

അല്ലാഹു അവരോട് പൊറുമയോടെയും കരുണ്യയുടെയും വർത്തിക്കുമാറാകട്ടെ. *(വിവ: ആരിഫ് മുഹമ്മദ് ബി.എം.)*

പേജ് 1 ൽ നിന്ന്

തന്റെ കൈ ഇന്ന വസ്തു എടുത്തിട്ടില്ലെന്ന് പറയലാണ്. ഒരാളുടെ കാല് ഒരു ഭാഗത്തേക്ക് നടക്കുന്നു, പക്ഷേ, തന്റെ കാല് അങ്ങോട്ടു നടന്നിട്ടില്ലെന്ന് അയാൾ പറയലാണ്. അതായത് മനുഷ്യൻ അന്യരുടേതല്ല തന്റേതന്നെ കാര്യം നിഷേധിക്കുകയാണ്. ഇതിനെക്കാളധികം പ്രകൃതിവിരുദ്ധമായ കാര്യം മറ്റെന്തായിരിക്കും. അനുമാനപരമായ കാര്യത്തിൽ സംശയമുണ്ടാകാവുന്നതാണ്. പഞ്ചേന്ദ്രിയങ്ങളുടെ കർമങ്ങളിൽ സംശയിക്കാൻ സാധ്യമല്ല.പഞ്ചേന്ദ്രിയങ്ങളുടെ കർമങ്ങൾക്കെതിരിൽ സംസാരിക്കുന്നതിനാണ് കളവെന്ന് പറയുന്നത്. ആരാണോ പഞ്ചേന്ദ്രിയങ്ങളുടെ കർമങ്ങളെ നിഷേധിക്കുന്നത് അവൻ തന്റെ നാവ്, കൈ, കാല്, മൂക്ക്, ചെവി എന്നിവയെ നിഷേധിക്കുന്നു. പിന്നീട് അവൻ അതിലേറ്റവും കൂടുതൽ ആനന്ദം അനുഭവിക്കുന്നു. അതായത് അവൻ തനിക്കെതിരിൽത്തന്നെ സാക്ഷ്യം പറഞ്ഞുകൊണ്ടിരിക്കുന്നു. ഒരു മനുഷ്യന്റെ കൈ ഒരു വസ്തു പിടിക്കുന്നു. എന്നിട്ടവൻ പറയുന്നു താൻ ആ വസ്തു പിടിച്ചില്ലെന്ന്. അതിന്റെ ഉദ്ദേശ്യം, അവൻ സ്വന്തം കൈയോടു പറയുകയാണ് നീ ഇന്ന വസ്തു പിടിച്ചില്ലെന്ന്! ഒരുവസ്തു അവന്റെ നാവ് രുചിച്ചു, പക്ഷേ, അവൻ ഇന്ന വസ്തു രുചിച്ചിട്ടില്ലെന്ന് പറയുന്നു. അതായത് അവൻ സ്വന്തം നാവിനോടു പറയുകയാണ് നീ ഇന്ന സാധനം രുചിച്ചിട്ടില്ലെന്ന്. അല്ലെങ്കിൽ അവന്റെ ചെവി ഒരു കാര്യം കേൾക്കുന്നു. അവൻ അത് നിഷേധിക്കുന്നു. അതിന്റെ ഉദ്ദേശ്യം അവൻ തന്റെ നാവിനോടാണ് പറയുന്നത് നീ ഇന്ന കാര്യം കേട്ടിട്ടില്ലെന്ന്. ഇത് എത്രമാത്രം പരിഹാസ്യവും വിസ്മയകരവുമായ കാര്യമാണ്. എന്നാൽ, ആളുകൾ അത് വകവെക്കുന്നില്ല. അവസരം വരുമ്പോൾ കളവു പറയുന്നു.*(തഫ്സീറെ കബീർ, വാല്യം 4, പേജ് 580 - 583, പ്രസാധനം ഖാദിയാൻ 2010)*

പേജ് 12 ൽ നിന്ന്

തബൂക്ക് യുദ്ധത്തിന്റെ സംഭവമാണ്. റോമക്കാരെയാണ് അന്ന് നരിടേണ്ടിയിരുന്നത്. അന്ന് റോമൻ ഭരണകൂടം ഇന്നത്തെ ഇംഗ്ലീഷ് ഭരണകൂടം പോലെയായിരുന്നു. (ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ ഇത് പറഞ്ഞ കാലത്ത് ഇംഗ്ലീഷുകാരുടെ ഭരണമായിരുന്നു ലോകത്ത്). അത്രയും വലിയ ഭരണകൂടവുമായിട്ടുള്ള യുദ്ധത്തിന് ഈ സ്വഹാബി ഏതാനും പിടി യവം (ബാർലി) കൊണ്ടുവന്ന് നല്കി. മുനാഫിഖുകൾ ഇതിനെ പരിഹസിച്ചു. എന്നാൽ, നബിﷺതിരുമേനി ഇത് അറിഞ്ഞപ്പോൾ പറഞ്ഞു: 'ദൈവത്തിന്റെ ദൃഷ്ടിയിൽ ഈ യവത്തിന് എന്ത് വിലയാണുള്ളതെന്ന് അവർക്കെ ന്തറിയാം? ഈ യവമായിരുന്നു മുസ്‌ലിമീങ്ങൾക്ക് വിജയം നേടിക്കൊടുത്തത്. റോമക്കാരെ മാത്രമല്ല, റോമൻ ഭരണത്തിന് തുല്യമായിരുന്ന പേർഷ്യൻ ഭരണത്തെയും മുസ്‌ലിമീങ്ങൾ പരാജയപ്പെടുത്തി.'

ഒരു സ്വഹാബിയുടെ വിചിത്രകരമായ ഒരു സംഭവവും വിവരിക്കപ്പെടുന്നുണ്ട്. ഈ യുദ്ധത്തിന്റെ ഒരുക്കത്തിനുവേണ്ടി ആത്മാർഥതയുള്ള സ്വഹാബാക്കൾ ഏതെങ്കിലും രൂപത്തിൽ യാത്രയുടെ ഒരുക്കങ്ങളിലും സാമ്പത്തിക ത്യാഗത്തിനുള്ള ഈ ആഹ്വാനത്തിലും പങ്കുചേരാൻ സ്വന്തം നിലയ്ക്ക് ശ്രമങ്ങൾ നടത്തിയിരുന്നു. ധനികരായവർ തങ്ങളുടെ സമ്പത്തും ഐശ്വര്യവും സമർപ്പിച്ചു. ദരിദ്രരും നിരാലംബരുമായ സ്വഹാബാക്കൾ കൂലിപ്പണി ചെയ്ത് കിട്ടുന്ന ചെറിയ കൂലിപോലും സമർപ്പിച്ചു. ഈ സാഹചര്യത്തിൽ ഹദ്റത്ത് ഉർവ ബിൻ സയ്ദിന്റെؓ ഒരു വിവരണം കാണാം. അദ്ദേഹം അല്ലാഹുവിന്റെ തൃപ്തി നേടുന്നതിന് മറ്റെല്ലാവരിൽനിന്ന് വ്യത്യസ്തവും ആത്മാർഥവുമായ ഒരു നിഷ്കളങ്ക രീതി സ്വീകരിച്ചു. അദ്ദേഹവും ദരിദ്രനും ആത്മാർഥതയുള്ള ആളുമായിരുന്നു. കൊടുക്കാൻ കൈവശം മൊന്നുമുണ്ടായിരുന്നില്ല. ജിഹാദിൽ പങ്കെടുക്കാൻ ശക്തിയുമുണ്ടായിരുന്നില്ല. അതിനാൽ, അദ്ദേഹം ഒരു രാത്രി നമസ്കാരത്തിനെഴുന്നേറ്റുനിന്ന് കരഞ്ഞുകൊണ്ട് ദുആ ചെയ്തു: 'അല്ലാഹുവേ, നീ ജിഹാദ് ചെയ്യാൻ കൽപ്പിച്ചിരിക്കുന്നു, അതിന് പ്രോത്സാഹനവും നല്കിയിരിക്കുന്നു. എന്നാൽ, എന്റെ കൈവശം ഒന്നുമില്ല. എനിക്കുപോയി യുദ്ധം ചെയ്യാൻ നിന്റെ റസൂലിന്റെﷺ അടുത്ത് എനിക്ക് നൽകാൻ മാത്രം സാമഗ്രികളുമി ല്ല. നിന്റെനബിﷺസാമ്പത്തിക ത്യാഗത്തിന് ആഹ്വാനം ചെയ്തിരിക്കുകയാണ്. എനിക്കതിൽ പങ്കുചേരാനും സാധിക്കുന്നില്ല. എങ്കിലും എന്റെ ജീവനും സ്വത്തിനും അഭിമാനത്തിനും മേലുണ്ടാകുന്ന എല്ലാ അക്രമങ്ങളും അതിക്രമങ്ങളും ഞാൻ മാപ്പുനല്കുകയും അത് മുസ്‌ലിമീങ്ങൾക്ക് സ്വദഖ (ദാനധർമ്മം) ചെയ്യുകയും ചെയ്യുന്നു. നേരം പുലർന്നപ്പോൾ അദ്ദേഹം മറ്റ് സ്വഹാബാക്കളോടൊപ്പം നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി.

നബിﷺതിരുമേനി ചോദിച്ചു: 'ഇന്നലെ രാത്രി തന്റെ അഭിമാനം സ്വദഖ ചെയ്തയാൾ എവിടെ?' ആരും എഴുന്നേറ്റില്ല. അവിടന്ന് വീണ്ടും ചോദിച്ചു, എന്നിട്ടും ആരും എഴുന്നേറ്റില്ല. ഒടുവിൽ ഹദ്റത്ത് അൽബഹ്ؓ എഴുന്നേറ്റുനിന്ന് എല്ലാ കാര്യങ്ങളും നബിﷺതിരുമേനിയെ അറിയിച്ചു. അവിടന്ന് പറഞ്ഞു:

**അബ്ശിർ ഫവല്ലദീ നഫ്സീ ബിയദിഹീ ലഖദ് കുതിബ്ത്ത ഫിസ്സക്കാത്തിൽ മുത്തഖബ്ബലത്തി** 'സന്തോഷിച്ചുകൊള്ളുക, എന്റെ ആത്മാവ് ആരുടെ കൈയിലാണോ അവനാണെസത്യം! സ്വദഖ സ്വീകരിക്കപ്പെട്ടവരുടെ കൂട്ടത്തിൽ താങ്കളും എഴുതപ്പെട്ടിരിക്കുന്നു.'*(അസ്സീറത്തുന്നബവിയ്യ ലി ഇബ്നി കഥീർ ഭാഗം 4, പേജ് 9, ദകറ ഗസ്‌വത്തു തബൂക്....ദാറുൽമഅ്രിഫ ബെയ്റൂത്ത് 1976)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ വാല്യം 9, പേജ് 463 - 464, ബസം ഇഖ്ബാൽ, ലാഹോർ)*

എത്രമാത്രം മനോഹരവും അദ്വിതീയവുമായ ആത്മാർഥതയുടെയും ത്യാഗത്തിന്റെയും വികാരമാണിത്! ഹൃദയങ്ങളറിയുന്ന അല്ലാഹു, ഈ അവസ്ഥകളെല്ലാം അറിയുന്നവൻ, അദ്ദേഹത്തിന്റെ ഈ വികാരം സ്വീകരിക്കുകയും അതിന്റെ വിവരം നബിﷺതിരുമേനിയെ അറിയിക്കുകയും ചെയ്തു.

ഈ സന്ദർത്തിൽ സ്ത്രീകളും ഒട്ടും പിന്നിലായിരുന്നില്ല. അവർ ഈ യുദ്ധത്തിന്റെ ഒരുക്കങ്ങൾക്കുവേണ്ടി തങ്ങളുടെ ആഭരണങ്ങൾ സമർപ്പിച്ചു. ഹദ്റത്ത് ഉമ്മി സിനാൻ അസ്‌ലമിയ്യؓ വിവരിക്കുന്നു: 'ഹദ്റത്ത് ആഇശയുടെؓ വീട്ടിൽ നബിﷺതിരുമേനിയുടെ മുന്നിൽ വിരിച്ച ഒരു തുണിയിൽ സുഗന്ധ ദ്രവ്യങ്ങൾ, തളകൾ, വളകൾ, കമ്മലുകൾ, മോതിരങ്ങൾ, പാദസരങ്ങൾ എന്നിവ ഉണ്ടായിരുന്നു. ഇവയെല്ലാം മുസ്‌ലിമീങ്ങളുടെ ജിഹാദിന്റെ ഒരുക്കങ്ങൾക്കുവേണ്ടി സ്ത്രീകൾ നല്കിയതായിരുന്നു.*(കിതാബുൽ മഗാസി വാല്യം 2 പേജ് 380 - 381, ഗസ്‌വ തബൂക് ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2013)*

എന്തായാലും, ഒരുവശത്ത് ആത്മാർഥതയുള്ളവരുടെയും സത്യവിശ്വാസികളുടെയും അവസ്ഥ ഇതായിരുന്നെങ്കിൽ, മറുവശത്ത് മുനാഫിഖുകളും തങ്ങളുടെ സകല ശക്തിയും ഉപയോഗിച്ചു. ഒരു ഭാഗത്ത് മുനാഫിഖുകളുടെ ഭാഗത്തു നിന്നുള്ള അവസാനത്തെ കുതന്ത്രവും ഗൂഢാലോചനയുമായിരുന്നു ഇത്. മുനാഫിഖുകൾക്ക് തങ്ങളുടെ വിജയത്തിൽ പൂർണ വിശ്വാസമുണ്ടായിരുന്നു. മുസ്‌ലിമീങ്ങൾ സിറിയയിലേക്കുള്ള ഈ ദീർഘയാത്രയ്ക്ക് പുറപ്പെടുകതന്നെ ചെയ്യുമെന്നും, നഊദുബില്ലാഹ് നബിﷺതിരുമേനി മദീനയിൽ തിരിച്ചെത്തില്ലെന്നുമുള്ള ആസാത്താനികമായ വിശ്വാസത്തിൽ അവർ ഉറച്ചുനിന്നു. അതിനാൽ, അവരുടെ മുഴുവൻ ശ്രമവും മുസ്‌ലിമീങ്ങൾ കഴിയുന്നത്ര കുറഞ്ഞ എണ്ണത്തിൽ നബിﷺ തിരുമേനിയോടൊപ്പം പുറപ്പെടണമെന്നതിനായിരുന്നു. അവരുടെ ചിന്തയനുസരിച്ച്, സൈന്യത്തിൽ മുസ്‌ലിമീങ്ങളുടെ എണ്ണം എത്ര കുറയുന്നോ അത്രയും ചെറിയ സൈന്യമായിരിക്കും. ആ സൈന്യത്തിന്റെ പരാജയവും നാശവും ഉറപ്പായിരിക്കും. അതുകൊണ്ട് നിലവിലുള്ള സാഹചര്യങ്ങളുടെ ഞെരുക്കങ്ങളെയും യാത്രയുടെ പ്രയാസങ്ങളെയും ബുദ്ധിമുട്ടുകളെയും അവർ പെരുപ്പിച്ചുകാട്ടാൻ തുടങ്ങി. അവർ മുസ്‌ലിമീങ്ങളെ ഭയപ്പെടുത്തിക്കൊണ്ടിരുന്നു. വിവിധ ഒഴിവുകഴിവുകൾ പറഞ്ഞ് യുദ്ധത്തിൽ ചേരാതിരിക്കാൻ അവരെ പ്രേരിപ്പിച്ചു. കഠിനമായ ചൂടാണ്, യാത്രവളരെ ദൂരമുള്ളതാണ്, യാത്രാ സൗകര്യങ്ങൾ വളരെ പരിമിതമാണ് എന്നൊക്കെ

## • ഹദീഥുന്നബ്‌വിﷺ •



**മരിച്ചവരെ ചീത്ത പറയരുത്,**
**എന്തുകൊണ്ടെന്നാൽ അവർ മുമ്പേ**
**അയച്ചിട്ടുള്ളതിലേക്കാണ് പോയിരിക്കുന്നത്.**
**(ബുഖാരി 23:77)**

ത്വാലിബെ ദുആ
**SERA SPORTS,** P.I.GROUND FLOOR ARAFAH ARCADE 4/45A, 4/45 A1, IRINGALOOR, OPP GOVT.H.S.S, OLAVANN, MOB-8845680091

## • അല്ലാഹുവിന്റെ കലാം •

**"തീർച്ചയായും ഖുർആനിനെ(മനസ്സിലാക്കാനും)**
**ഓർമിക്കാനും നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു.**
**എന്നാൽ, ഓർമവെക്കുന്ന വല്ലവനുമുണ്ടോ?"**
**(വിശുദ്ധ ഖുർആൻ 54:18)**

ത്വാലിബെ ദുആ
**E.H.NAJEEB AND FAMILY**
KAKKANAD, ERNAKULAM

## • ഹദീഥുന്നബ്‌വിﷺ •

**'ശുദ്ധി വിശ്വാസത്തിന്റെ നേർ പകുതിയാകുന്നു.'**
**(മുസ്‌ലിം. മിശ്ക്കത്ത് 3)**

ത്വാലിബെ ദുആ
**P. SAFFAR AHMAD &FAMILY**
JAMA'ATH KARULAI, MALAPPURAM,KERALA.

അവർ പറഞ്ഞു. മദീനയിലെ ജനസംഖ്യയുടെ ഭൂരിഭാഗവും കൃഷിക്കാരായിരുന്നു. അവരുടെ വിളവുകൾ കൊയ്യാൻ പാകമായിരുന്നു. ഈ വിളവുകൾ ക്ഷാമകാലത്താണ് പാകമായിക്കൊണ്ടിരുന്നത്. പിന്നെ, അവർ മദീനയിൽ പലയിടത്തും മുസ്‌ലിമീങ്ങളോടു സംസാരിച്ചു: 'ഇപ്പോൾ നിങ്ങൾ നേരിടാൻ പോകുന്ന സൈന്യം എത്ര ശക്തരും യുദ്ധപ്രിയരുമാണെന്ന് നിങ്ങൾക്കറിയില്ല. അവരുമായി യുദ്ധം ചെയ്യുന്നത് എളുപ്പമുള്ള കാര്യമല്ല. ഞങ്ങൾ നിങ്ങളെയെല്ലാം കാണുന്നത് ഒന്നുകിൽ കൊല്ലപ്പെടുന്നവരായിട്ടോ അല്ലെങ്കിൽ അവരുടെയെല്ലാം തടവുകാരായിട്ടോ ആണ്.' മുനാഫിഖുകൾ ഇങ്ങനെ പറയാറുണ്ടായിരുന്നു. മുനാഫിഖുകളുടെ ഈ പ്രചാരണം ഉയർന്ന നിലവാരത്തിലുള്ള, ആത്മാർഥതയുള്ള സത്യവിശ്വാസികളിൽ ഒരുതരത്തിലുളള സ്വാധീനവും ചെലുത്തിയില്ലെങ്കിലും, ചില ദുർബല വിശ്വാസമുള്ളവരുടെ ഹൃദയങ്ങൾ ഭയക്കുകയും അവർ യുദ്ധത്തിന് പോകാതിരിക്കാൻ വിവിധ ഒഴിവുകഴിവുകൾ നിരത്താൻ തുടങ്ങുകയും ചെയ്തു. എന്നിരുന്നാലും, ഇത്തരം ഒഴിവുകഴിവുകൾ പറഞ്ഞവരിൽ അധികവും മുനാഫിഖുകൾ അഥവാ കപടവിശ്വാസികൾ ത്തന്നെയായിരുന്നു.

മുനാഫിഖുകളുടെ ഈ പ്രോപ്പഗണ്ടയെയും ഒഴിവുകഴിവുകൾ പറഞ്ഞ് പിന്നോട്ടു നിന്നതിനെയും കുറിച്ച് ഖുർആനിൽ ഇപ്രകാരം വന്നിരിക്കുന്നു:

فَرِحَ الْمُخَلَّفُوْنَ بِمَقْعَدِهِمْ خِلٰفَ رَسُوْلِ اللّٰهِ وَكَرِهُوْٓا اَنْ يُّجَاهِدُوْا بِاَمْوَالِهِمْ وَاَنْفُسِهِمْ فِيْ سَبِيْلِ اللّٰهِ وَقَالُوْا لَا تَنْفِرُوْا فِي الْحَرِّ قُلْ نَارُ جَهَنَّمَ اَشَدُّ حَرًّا لَوْ كَانُوْا يَفْقَهُوْنَ ﴿٨١﴾ فَلْيَضْحَكُوْا قَلِيْلًا وَّلْيَبْكُوْا كَثِيْرًا جَزَآءًۢ بِمَا كَانُوْا يَكْسِبُوْنَ ﴿٨٢﴾۔

യുദ്ധത്തിന് പോകുന്നതിൽനിന്ന് ഒഴിച്ചുനിറുത്തപ്പെട്ടവർ(കപടവിശ്വാസികൾ)അല്ലാഹുവിന്റെ ദൂതന്റെ ആജ്ഞയ്ക്കെതിരായി സ്വഗൃഹങ്ങളിൽ ഇരിക്കുന്നതുകൊണ്ട് സന്തോഷിക്കുകയും തങ്ങളുടെ ധനംകൊണ്ടും ജീവൻകൊണ്ടും അല്ലാഹുവിന്റെ മാർഗത്തിൽ ജിഹാദു ചെയ്യുന്നത് വെറുക്കുകയും ചെയ്തിരിക്കുന്നു.(അവർ അന്യോന്യം) പറഞ്ഞു: ഈ കൊടുംചൂടിൽ നിങ്ങൾ(യുദ്ധത്തിന്)പുറപ്പെടരുത്. പറയുക നരകാഗ്നി (ഇതിനെക്കാൾ) കഠിനമായ ചൂടുളളതാണ്;അവർ യാഥാർഥ്യം ഗ്രഹിക്കുന്നവരാണെങ്കിൽ! അതുകൊണ്ട് അവർ അല്പംമാത്രം ചിരിച്ചുകൊള്ളട്ടെ;തങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവൃത്തിക്കുള്ള ശിക്ഷയായി അവർ അധികം കരയുകയും ചെയ്യട്ടെ. (9: 81- 82)

നിവേദനങ്ങളനുസരിച്ച്, ഈ ആളുകൾ നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി യുദ്ധത്തിന് പോകാതിരിക്കാൻ എന്തെങ്കിലും ഒഴിവുകഴിവുകൾ പറഞ്ഞ് അതിനുള്ള അനുവാദം ചോദിച്ചു. അവിടന്ന് അവർക്ക് അനുവാദം നല്കി. എൺപതിലധികം പേർ വിവിധ തന്ത്രങ്ങളും ഒഴിവുകഴിവുകളും പറഞ്ഞ് ജിഹാദിന് പോകാതിരിക്കാൻ അനുവാദം വാങ്ങി. ഇവർ അബ്ദുല്ലാഹ് ബിൻ ഉബയ്യ് തുടങ്ങിയവരുടെ കൂടെയുണ്ടായിരുന്ന മുനാഫിഖുകൾക്ക് പുറമെയായിരുന്നു. മുനാഫിഖുകളുടെ ഈ ഒഴിവുകഴിവുകളുടെയെല്ലാം മറനീക്കിക്കൊണ്ട് അല്ലാഹു വിശുദ്ധ ഖുർആനിൽ ഇപ്രകാരം സ്പഷ്ടമാക്കുന്നു: അവരുടെ പിന്മാറ്റം അവരുടെ ഈമാനിന്റെ ബലഹീനത കാരണമാണ്. അവരുടെ ഒഴികഴിവുകൾ വ്യാജമാണ്. ഖുർആനിൽ അവരെക്കുറിച്ചുള്ള ആയത്തുകൾ അവതരിച്ചപ്പോൾ, ഭാവിയിലേക്കുവേണ്ടി എല്ലാവർക്കും ഒരു താക്കീതു നല്കി: ഇമാമിന്റെ ഭാഗത്തുനിന്ന് ഒരു ആഹ്വാനമുണ്ടാകുമ്പോൾ എങ്ങനെയാണ് അനുസരണം കാണിക്കേണ്ടതെന്ന്! മുന്നോട്ട് വരേണ്ടതുണ്ട്. ഏത് വിധത്തിലായാലും, കഴിയുന്നത്ര അതിൽ പങ്കുചേരാൻ സജ്ജരാകുകയുംവേണം. അതു സംബന്ധമായി അല്ലാഹു പറയുന്നു:

لَوْ كَانَ عَرَضًا قَرِيْبًا وَّسَفَرًا قَاصِدًا لَّاتَّبَعُوْكَ وَلٰكِنْۢ بَعُدَتْ عَلَيْهِمُ الشُّقَّةُ ؕ وَسَيَحْلِفُوْنَ بِاللّٰهِ لَوِ اسْتَطَعْنَا لَخَرَجْنَا مَعَكُمْ ۚ يُهْلِكُوْنَ اَنْفُسَهُمْ ۚ وَاللّٰهُ يَعْلَمُ اِنَّهُمْ لَكٰذِبُوْنَ ﴿٤٢﴾ عَفَا اللّٰهُ عَنْكَ ۚ لِمَ اَذِنْتَ لَهُمْ حَتّٰى يَتَبَيَّنَ لَكَ الَّذِيْنَ صَدَقُوْا وَتَعْلَمَ الْكٰذِبِيْنَ ﴿٤٣﴾ لَا يَسْتَاْذِنُكَ الَّذِيْنَ يُؤْمِنُوْنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ اَنْ يُّجَاهِدُوْا بِاَمْوَالِهِمْ وَاَنْفُسِهِمْ ؕ وَاللّٰهُ عَلِيْمٌۢ بِالْمُتَّقِيْنَ ﴿٤٤﴾ اِنَّمَا يَسْتَاْذِنُكَ الَّذِيْنَ لَا يُؤْمِنُوْنَ بِاللّٰهِ وَالْيَوْمِ الْاٰخِرِ وَارْتَابَتْ قُلُوْبُهُمْ فَهُمْ فِيْ رَيْبِهِمْ يَتَرَدَّدُوْنَ ﴿٤٥﴾ وَلَوْ اَرَادُوا الْخُرُوْجَ لَاَعَدُّوْا لَهٗ عُدَّةً وَّلٰكِنْ كَرِهَ اللّٰهُ انْۢبِعَاثَهُمْ فَثَبَّطَهُمْ وَقِيْلَ اقْعُدُوْا مَعَ الْقٰعِدِيْنَ ﴿٤٦﴾ لَوْ خَرَجُوْا فِيْكُمْ مَّا زَادُوْكُمْ اِلَّا خَبَالًا وَّلَاۡاَوْضَعُوْا خِلٰلَكُمْ يَبْغُوْنَكُمُ الْفِتْنَةَ ۚ وَفِيْكُمْ سَمّٰعُوْنَ لَهُمْ ؕ وَاللّٰهُ عَلِيْمٌۢ بِالظّٰلِمِيْنَ ﴿٤٧﴾ لَقَدِ ابْتَغَوُا الْفِتْنَةَ مِنْ قَبْلُ وَقَلَّبُوْا لَكَ الْاُمُوْرَ حَتّٰى جَآءَ الْحَقُّ وَظَهَرَ اَمْرُ اللّٰهِ وَهُمْ كٰرِهُوْنَ ﴿٤٨﴾۔

(സൂറത്തുത്തൗബ: 42- 48)

"അത് സമീപസ്ഥമായ ഒരു കാര്യലാഭവും സുഗമമായ യാത്രയുമായിരുന്നെങ്കിൽ അവർ നിന്നെ പിൻപറ്റുമായിരുന്നു. പക്ഷേ, ക്ലേശകരമായ യാത്ര അവർക്ക് വിദൂരമായിത്തോന്നി. അല്ലാഹുവിനെ മുൻ നിറുത്തി അവർ നിന്നോടു സത്യം ചെയ്ത് പറയും, 'തങ്ങൾക്ക് സാധിച്ചിരുന്നെങ്കിൽ നിങ്ങളോടൊപ്പം ഞങ്ങളും പുറപ്പെടുമായിരുന്നു.' അവർ തങ്ങളുടെ ആത്മാക്കാളെ നശിപ്പക്കുകയാണ് ചെയ്യുന്നത്. തീർച്ചയായും അവർ കള്ളം പറയുന്നവരാണെന്ന കാര്യം അല്ലാഹു അറിയുന്നു.

അല്ലാഹു നിന്റെ (പിശകുകളുടെ ദോഷഫലങ്ങൾ) അകറ്റിയിരിക്കുന്നു. സത്യം പറഞ്ഞവരെ നിനക്ക് വ്യക്തമാകുകയും കള്ളം പറഞ്ഞവരെ നീ അറിയുകയും ചെയ്യുന്നതുവരെ (നിന്നെ അനുഗമിക്കുന്നതിൽനിന്നൊഴിഞ്ഞു നിൽക്കാൻ)നീ എന്തിനവർക്ക് അനുമതി നല്കി? അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർ തങ്ങളുടെ ധനംകൊണ്ടും ജീവൻകൊണ്ടും പോരാടുന്നതിൽ നിന്ന്(ഒഴിഞ്ഞുനിൽക്കാൻ)നിന്നോടു അനുമതി ചോദിക്കുകയില്ല അല്ലാഹു സൂക്ഷ്മത പാലിക്കുന്നവരെ സംബന്ധിച്ച് നല്ലപോലെ അറിയുന്നവനാകുന്നു.

അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കാതിരിക്കുകയും ഹൃദയങ്ങളിൽ സംശയംവെച്ചു പുലർത്തുകയും ചെയ്യുന്നവർ മാത്രമെ നിന്നോടു (ഒഴിഞ്ഞു നിൽക്കാൻ)അനുമതി ചോദിക്കുകയുള്ളു. അങ്ങനെ അവർ തങ്ങളുടെ സംശയത്തിൽ ചഞ്ചലിച്ചുകൊണ്ടിരിക്കുകയാണ്. അവർ (യുദ്ധത്തിന്) പുറപ്പെടാൻ ഉദ്ദേശിച്ചിരുന്നുവെങ്കിൽ അതിനുവേണ്ട ഒരുക്കങ്ങൾ ചെയ്യുമായിരുന്നു. എന്നാൽ, അവർ (യുദ്ധത്തിന്) പുറപ്പെടുന്നത് അല്ലാഹു വെറുത്തു.തന്നിമിത്തം അവൻ അവരെ പിന്തിരിപ്പിച്ചു. (അവരോടു)പറയപ്പെട്ടു:(വീട്ടിൽ)ഇരിക്കുന്നവരോടൊപ്പം നിങ്ങളും ഇരുന്നുകൊള്ളുക. നിങ്ങളോടൊപ്പം അവരും പുറപ്പെട്ടിരുന്നുവെങ്കിൽ നാശമല്ലാതെ അവർ ഒന്നുംതന്നെ നിങ്ങൾക്ക് വർധിപ്പിച്ചു തരുമായിരുന്നില്ല. നിങ്ങൾക്കിടയിൽ കുഴപ്പം തേടിക്കൊണ്ട് അങ്ങോട്ടുമിങ്ങോട്ടും അവർ ഓടി നടക്കുമായിരുന്നു. നിങ്ങളുടെ കൂട്ടത്തിൽ അവരുടെ വാക്കുകൾ പതിവായി കേൾക്കുന്നവരുമുണ്ട്. അല്ലാഹു അക്രമികളെക്കുറിച്ച് നല്ലപോലെ അറിയുന്നവനത്രെ.

ഇതിനുമുമ്പേയും കുഴപ്പമുണ്ടാക്കുവാൻ അവർ ആഗ്രഹിച്ചിട്ടുണ്ട്. നിനക്കെതിരിൽ അവർ കാര്യങ്ങൾ തിരിച്ചുമറിക്കുകയും ചെയ്തു. അങ്ങനെ സത്യം വന്നെത്തുകയും അവർ വെറുക്കുന്നവരായിരിക്കെ അല്ലാഹുവിന്റെ കാര്യം വിജയിക്കുകയും ചെയ്തു.

അങ്ങനെ, അല്ലാഹു ഈ ആയത്തുകളിൽ മുനാഫിഖുകളുടെ അവസ്ഥ തുറന്നു കാണിക്കുകയും നബിﷺതിരുമേനിയോട്, 'താങ്കൾ അവരുടെ പൊള്ളയായ ഒഴിവുകഴിവുകൾ സ്വീകരിച്ചു. സ്വീകരിക്കാതിരിക്കുകയും അനുവാദം നല്കാതിരിക്കുകയും ചെയ്തിരുന്നെങ്കിൽ അവരുടെ കപടത എല്ലാവർക്കും മുന്നിൽ തുറന്നു വരുമായിരുന്നു' എന്ന് പറയുകയും ചെയ്തു. എന്തായാലും, യുദ്ധത്തിന് അവർ പോകുമായിരുന്നില്ല. എന്നിരുന്നാലും, അല്ലാഹു പറയുന്നു: 'അവർ പോകാതിരുന്നതു തന്നെയാണ് നല്ലത്. കാരണം, ഏതെങ്കിലും കാരണവശാൽ അവർ പോയിരുന്നെങ്കിൽത്തന്നെ യുദ്ധത്തിനിടയിൽ മുസ്‌ലിമീങ്ങൾക്ക് ദോഷം വരുത്തുന്ന പ്രവർത്തനങ്ങൾ ചെയ്യുമായിരുന്നു."

എന്തായാലും, ഈ മുനാഫിഖുകളുടെ ആഗ്രഹത്തിനൊത്ത ഫലങ്ങളുണ്ടായില്ല.*(അല്ലുഅ്‌ലുഉൽമക്നൂൻ സീറത്ത് എൻസൈക്ലോ പീഡിയ, വാള്യം 9, പേജ് 461- 462 മക്തബ ദാറുസ്സലാം)(ദാഇറയെ മആരിഫ് സീറത്ത് മുഹമ്മദു റസൂലുല്ലാഹിﷺ വാള്യം 9, പേജ് 474, ബസം ഇഖ്ബാൽ, ലാഹോർ)*

ഇതിന്റെ ബാക്കി വിശദീകരണങ്ങൾ ഇൻശാ അല്ലാഹ്, അടുത്ത ഖുത്വ്ബയിൽ ഞാൻ വിവരിക്കുന്നതാണ്.

കഴിഞ്ഞ ഖുത്വ്ബയിൽ ഞാൻ റബ്‌വയിലെ മസ്ജിദിലുണ്ടായ ആക്രമണത്തെക്കുറിച്ച് സൂചിപ്പിച്ചിരുന്നു. മുറിവേറ്റ അഹ്മദികളായ ഖുദ്ദാമിനുവേണ്ടി ദുആ ചെയ്യുക. അല്ലാഹു എല്ലാവർക്കും പൂർണാരോഗ്യം നല്കുമാറാകട്ടെ. എല്ലാ ഏനക്കേടുകളിൽനിന്നും അല്ലാഹു അവരെ രക്ഷിക്കട്ടെ. ഇത്തരം സംഭവങ്ങളുണ്ടാകുമ്പോൾ പിന്നീട് ചിലപ്പോൾ അതിന്റെ പ്രത്യാഘാതങ്ങളും ഉണ്ടാവാറുണ്ട്. ഇപ്പോൾ മൂന്ന് ഖുദ്ദാമിന് ഗുരുതരമായി പരിക്കേറ്റിട്ടുണ്ട്. അതിനാൽ അവരിപ്പോഴും ആശുപത്രിയിൽ ത്തന്നെയാണുളളത്. ബാക്കിയുള്ള അഞ്ചുപേരെ ചികിത്സ നല്കി വീട്ടിലേക്ക് അയച്ചിട്ടുണ്ട്. എങ്കിലും, അവരുടെ മുറിവുകൾ ഉണങ്ങാൻ സമയമെടുക്കും. അല്ലാഹു എല്ലാവർക്കും പൂർണ സൗഖ്യം നല്കുമാറാട്ടെ. ഭാവിയിൽ എല്ലാ ദോഷങ്ങളിൽനിന്നും നഷ്ടങ്ങളിൽനിന്നും ജമാഅത്തിലെ അംഗങ്ങളെ എല്ലായിടത്തും രക്ഷിക്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ ഒരു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. അത് മാർഷൽ ഐലൻഡ്സിലെ സാം അലി നൈന സാഹിബിന്റേതാണ്. കഴിഞ്ഞ ദിവസമാണ് അമേരിക്കയിലെ കാലിഫോർണിയയിൽ 83-ാം വയസ്സിൽ അദ്ദേഹം വഫാത്തായത്. *ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ*

അദ്ദേഹം ആദ്യമായി ഇസ്‌ലാമിനെക്കുറിച്ച് പരിചയപ്പെടുന്നത് 1980-കളിൽ നമ്മുടെ ജമാഅത്തിലെ മുറബ്ബിയായിരുന്ന ഹാഫിള് ജിബ്‌രീൽ സയീദ് സാഹിബിന്റെ തബ്‌ലീഗ് കാരണമായിരുന്നു. ആ സമയത്ത് അദ്ദേഹം ഇസ്‌ലാം സ്വീകരിച്ചു.

• അല്ലാഹുവിന്റെ കലാം •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

ത്വാലിബെ ദുആ
Late DILSAD ABDULLATHEEF AND FAMILY KALLIKOTE
PATHAPPIRIYAM, MALAPURAM

• അല്ലാഹുവിന്റെ കലാം •

എനിക്ക് ആഹാരവും പാനീയവും നല്കുന്നവനാണ് അവൻ (അല്ലാഹു). ഞാൻ രോഗിയായാൽ എനിക്കവൻ ശമനം നല്കുന്നു (26:80–81)




ത്വാലിബെ ദുആ
DR.C.G. KAMALUDDEEN, DR. C.G. NAZIM AHMAD
VAYANASHALA, PATHAPPIRIYAM, KERALA

അഹ്മദിയ്യത്ത് സ്വീകരിച്ചു. കടുത്ത എതിർപ്പുകൾ നേരിട്ടെങ്കിലും അദ്ദേഹം സുസ്ഥിരതയോടെ തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നു.

പാർലമെന്റിൽ ഒരു സെനറ്റർ ഇസ്ലാമിനെ നിയമവിരുദ്ധവും തീവ്രവാദവുമായി ബന്ധപ്പെട്ട മതമായി പ്രഖ്യാപിക്കാൻ ശ്രമിച്ചപ്പോൾ, അദ്ദേഹം ധീരമായി ഒരു തദ്ദേശ പത്രത്തിൽ സന്ദേശം നല്കി: 'ഞങ്ങൾ അഹ്മദീ മുസ്ലിമീങ്ങളാണ്, ഞങ്ങൾക്ക് തീവ്രവാദവുമായി ഒരുവിധത്തിലുള്ള ബന്ധവുമില്ല." അദ്ദേഹത്തിന്റെ ഈ ധീരമായ പ്രസ്താവന ജമാഅത്തിന് ശക്തിയേകി. ആ സെനറ്റർ, നിയമം പാസാക്കാൻ ശ്രമിച്ചുവെങ്കിലും, ഇദ്ദേഹത്തിന്റെ ശ്രമങ്ങൾ കാരണം അത് നടന്നില്ല. തദ്ദേശ സമൂഹത്തിൽ സ്വാധീനമുള്ള വ്യക്തിയായിട്ടാണ് അദ്ദേഹം അറിയപ്പെട്ടിരുന്നത്.

അമേരിക്കയുടെ നാഇബ് അമീറായ ഫലാഹുദ്ദീൻ ശംസ് സാഹിബ് പറയുന്നു: "എനിക്ക് അഞ്ചു വർഷം മാർഷൽ ഐലൻഡ്സിൽ ജോലി ചെയ്യാൻ തൗഫീഖ് ലഭിച്ചു. ആ ദ്വീപ് അമേരിക്കയുടെ മേൽനോട്ടത്തിലായിരുന്നതിനാൽ ഞാൻ അവിടെ സന്ദർശിക്കുമായിരുന്നു. സാം സാഹിബ് ഹാഫിള് ജിബ്രീൽ സാഹിബ് വഴിയാണ് അഹ്മദിയായത്. തുടക്കത്തിൽ നാലോ അഞ്ചോ കുടുംബങ്ങളെ അഹ്മദികളായിട്ടുണ്ടായിരുന്നുള്ളൂ. വളരെ ചെറിയജമാഅത്തായിരുന്നു. രജിസ്റ്റർ ചെയ്തിട്ടുമുണ്ടായിരുന്നില്ല. എന്നാൽ, ഹാഫിള് സാഹിബിന്റെയും അദ്ദേഹത്തിന്റെയും കഠിനാധ്വാനംകൊണ്ട് ജമാഅത്ത് അവിടെ രജിസ്റ്റർ ചെയ്തു. ഹാഫിള് സാഹിബ് തിരിച്ചുപോയശേഷം വളരെക്കാലം അവിടെ മുറബ്ബികളാരുമുണ്ടായിരുന്നില്ല. അപ്പോൾ സാം സാഹിബുതന്നെ തന്റെ മരണംവരെ ജമാഅത്തിനെ സംരക്ഷിക്കുകയും തബ്ലീഗ് ചെയ്യുകയും ജമാഅത്തിന്റെ പേരിന് മങ്ങലേൽക്കാതെ നോക്കുകയും ചെയ്തു. ഇവിടെനിന്ന് കേന്ദ്രത്തിൽനിന്നുള്ള പ്രതിനിധി സംഘം പോകുമ്പോഴെല്ലാം വലിയ ഊഷ്മളതയോടെ ജമാഅത്തിനെ സഹായിച്ചിരുന്നു. അദ്ദേഹം എപ്പോഴും മുൻപന്തിയിൽനിന്ന് പ്രവർത്തിച്ചു. അത് ഫലപ്രദമായ പ്രവർത്തനമായിരുന്നു.

മാർഷൽ ഐലൻഡ്സ് ജമാഅത്ത് സ്ഥാപിക്കുന്നതിൽ അദ്ദേഹത്തിന് ഒന്നാം സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ ശ്രമഫലമായിട്ടാണ് അധികംപേരും പുതിയതായി അഹ്മദി മുസ്ലിമീങ്ങളായത്. അദ്ദേഹം മാർഷൽ ദ്വീപുകളിലെ സ്വദർ ജമാഅത്തായും സേവനമനുഷ്ഠിച്ചിട്ടുണ്ട്.

തുടർന്ന് ശംസ് സാഹിബ് പറയുന്നു: 'ഞാൻ കോസ്റായ് (Kosrae) ദ്വീപിൽ മിഷൻ സ്ഥാപിക്കാൻ പോയപ്പോഴും സാം സാഹിബ് സഹായിച്ചു. അദ്ദേഹത്തിന്റെ ചില സുഹൃത്തുക്കൾ അഹ്മദിയ്യത്തിൽ ചേർന്നു. അവിടെ അല്ലാഹുവിന്റെ കൃപയാൽ ഒരു മിഷൻ ഹൗസ് വാങ്ങുകയും കെട്ടിടം നിർമിക്കുകയും ചെയ്തു. അതുപോലെ, ക്വാജലീൻ (Kwajalein) ദ്വീപിലും അദ്ദേഹത്തിലൂടെ മിഷൻ സ്ഥാപിക്കുന്നതിൽ സഹായം ലഭിച്ചു. കൂടാതെ, മറ്റൊരു സ്ഥലത്തും അദ്ദേഹത്തിലൂടെ മിഷൻ സ്ഥാപിക്കാൻ സഹായം ലഭിച്ചു. ഞാൻ സാം സാഹിബിനോട് ഒരിക്കൽ ചോദിച്ചു: 'മൂന്ന് ദ്വീപുകളിൽ ജമാഅത്ത് സ്ഥാപിക്കാനും അതിൽ കേന്ദ്രസ്ഥാനം വഹിക്കാനും താങ്കൾക്ക് തൗഫീഖ് ലഭിച്ചത് ഏത് നന്മ കാരണമാണ്?' അപ്പോൾ അദ്ദേഹം വളരെ വിനയത്തോടെ പറഞ്ഞു: 'ഇതെല്ലാം അല്ലാഹുവിന്റെ കാരുണ്യമാണ്. ഇതിൽ എന്റെ ഒരു കഴിവും ഇല്ലതന്നെ."

മാർഷൽ ദ്വീപുകളിലെ ജമാഅത്തിലെ മുറബ്ബിയായ ഖാസിം ചൗദരി സാഹിബ് പറയുന്നു: 'തടസ്സങ്ങൾക്കിടയിലും അദ്ദേഹം തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നു. തന്റെ ഭാര്യയോടൊപ്പം ചേർന്ന് അദ്ദേഹം ത്യാഗങ്ങൾ സഹിച്ചു. അദ്ദേഹത്തിന്റെ ഭാര്യയുടെ ത്യാഗം കാരണം ഒരു ഭൂമി വഖ്ഫു ചെയ്യപ്പെട്ടു. അവരുടെ ഭാര്യ നല്കിയ ഭൂമിയിലാണ് ഇന്ന് മാർഷൽ ദ്വീപുകളിൽ ആദ്യത്തെ മസ്ജിദ് നിലകൊള്ളുന്നത്."

ഇസ്ലാം സ്വീകരിച്ചതിനെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ സ്വന്തം വാക്കുകളിലുള്ള വിവരണം ഇപ്രകാരമാണ്: 'അദ്ദേഹം പറയുന്നു: 1987-ൽ ഞാനും എന്റെ ഭാര്യ മേരിയും ലോംഗ് ദ്വീപിലെ ഒരു ഹോട്ടലിൽ താമസിക്കുകയായിരുന്നു. ഒരു ദിവസം രാവിലെ ഞങ്ങൾ റൂമിന് പുറത്ത് വന്നപ്പോൾ ഉയരം കൂടിയ ഒരു ആഫ്രിക്കക്കാരനെ കണ്ടു. ഞാൻ സലാം പറഞ്ഞു. അദ്ദേഹം സലാം മടക്കി. പരിചയപ്പെട്ടപ്പോൾ അദ്ദേഹം ഹാഫിള് ജിബ്രീൽ സയീദ് സാഹിബാണെന്നും മൈക്രോനേഷ്യയിലെ ആദ്യത്തെ മുബല്ലിഗ് ആണെന്നും മനസ്സിലായി. എന്തായാലും ഞങ്ങളുടെ കൂടിക്കാഴ്ചകൾ തുടർന്നു. ബന്ധങ്ങൾ വളർന്നു. അദ്ദേഹം എന്നെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. ബൈബിളിലെ വാക്യങ്ങൾ കാണിച്ചുകൊണ്ട്, ഈസാ(അ)ന് ശേഷം ഒരു നബി വരാനുള്ള സന്തോഷവാർത്ത ബൈബിളിൽ നല്കിയിട്ടുണ്ടെന്ന് ജിബ്രീൽ സാഹിബ് പറഞ്ഞു. അത് ഒരു വാക്യം മാത്രമല്ല, നിരവധി വാക്യങ്ങളുണ്ടായിരുന്നു എന്നറിഞ്ഞപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടു. പുതിയ നിയമത്തിൽ ഈസാ(അ)തന്നെ പറയുന്നു: 'എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു; ഞാൻ പോകുന്നതു നിങ്ങൾക്കു പ്രയോജനം; ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെയടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെയടുക്കൽ അയക്കും .' *(യോഹന്നാൻ 16:7)*. ഈ സത്യങ്ങൾ ഞാൻ മുമ്പേ ഒരിക്കലും കേട്ടിട്ടില്ലായിരുന്നു എന്നും അദ്ദേഹം പറയുന്നു. ഹാഫിള് സാഹിബ് എനിക്ക് ഓരോ കാര്യവും ബൈബിളിൽനിന്ന് വളരെ വ്യക്തമായി പറഞ്ഞുതന്നു. അവസാനം, അല്ലാഹു എന്നെ സന്മാർഗത്തിൽ നയിച്ചു, ഞാൻ സത്യങ്ങൾ കാണുകയും എന്റെ ഹൃദയം ഇസ്ലാമിലേക്ക് തിരിയുകയും ചെയ്തു. അങ്ങനെ ഞാൻ ഇസ്ലാം സ്വീകരിച്ചു."

അദ്ദേഹം പറയുന്നു: "ഇക്കാലയളവിൽ ഞാൻ ഇസ്ലാം സ്വീകരിച്ച വിവരം ആളുകൾ അറിഞ്ഞപ്പോൾ സർക്കാരുദ്യോഗസ്ഥർ പറഞ്ഞു: ഞങ്ങൾ ഇസ്ലാമിനെ മാർഷൽ ദ്വീപുകളിൽ ഒരിക്കലും പ്രചരിക്കാൻ അനുവദിക്കില്ലെന്ന്! അപ്പോൾ ഞാൻ ഹാഫിള് സാഹിബിനെ ഫോൺ ചെയ്തു. അദ്ദേഹം അപ്പോഴേക്കും അവിടെനിന്ന് പോയിരുന്നു. അദ്ദേഹം പറഞ്ഞു: 'നിങ്ങൾ വിഷമിക്കേണ്ട, അല്ലാഹു വഴികൾ തുറക്കും.' തുടർന്ന് അദ്ദേഹം പറയുന്നു: 'അല്ലാഹു വഴികൾ തുറന്നു. ഒരു ദിവസം ഞാൻ വീട്ടിലിരിക്കുമ്പോൾ അറ്റോർണി ജനറലിന്റെ ഓഫീസിൽനിന്ന് ഒരാൾ വന്ന് എന്നോടു പറഞ്ഞു: 'നിങ്ങളുടെ രജിസ്ട്രേഷൻ അംഗീകരിച്ചിരിക്കുന്നു.' ജമാഅത്ത് സ്ഥാപിക്കുന്നതിനുള്ള രജിസ്ട്രേഷൻ! അവിടെ ഉയർന്ന ഉദ്യോഗസ്ഥർ തടയാൻ ശ്രമിച്ചിരുന്നിടത്ത്, അല്ലാഹു എങ്ങനെയുള്ള ഏർപ്പാടാണ് ചെയ്തത്! രജിസ്ട്രേഷൻ അംഗീകരിച്ചതിന്റെ രേഖകൾ അവർ വീട്ടിലെത്തിച്ചു. ഞാൻ ഉടൻതന്നെ ആ കോപ്പി ഹാഫിള് സാഹിബിന് അയച്ചുകൊടുത്തു എന്നും അദ്ദേഹം പറയുന്നു.

തുടർന്ന് അദ്ദേഹം പറയുന്നു: 'എന്തായാലും, കാലം കടന്നുപോയപ്പോൾ അഹ്മദിയ്യത്ത് മറ്റു മുസ്ലിമീങ്ങളിൽ നിന്ന് വ്യതിരിക്തമാണെന്ന് ഞാൻ മനസ്സിലാക്കി. എനിക്കതിൽ വലിയ അഭിമാനമുണ്ട്. ഞാൻ ഒരു അഹ്മദി മുസ്ലിമാണെന്ന ഒരു ശബ്ദം എപ്പോഴും എന്റെ ഹൃദയത്തിൽ മാറ്റൊലി കൊണ്ടിരുന്നു. അതിൽ എനിക്ക് അഭിമാനം തോന്നിയിരുന്നു. ഇരുപത് വർഷത്തോളം ഇവിടെ ഒരു മുബല്ലിഗ് വന്നില്ല. ഞാൻ വളരെയധികം വിഷമിച്ചു. ഹാഫിള് സാഹിബ് പറഞ്ഞു: 'നിങ്ങൾ ഖലീഫത്തുൽ മസീഹിന് കത്തെഴുതിക്കൊണ്ടിരിക്കുക. എന്തെങ്കിലും ഒരു ഏർപ്പാട് നടക്കും.' എന്തായാലും, 2004-ൽ കേന്ദ്രത്തിൽ നിന്ന് എനിക്ക് ഒരു നിർദ്ദേശം വന്നു: 'ഒരു അപരിചിതൻ വരുന്നുണ്ട്, അദ്ദേഹത്തെ വിമാനത്താവളത്തിൽ നിന്ന് കൂട്ടിക്കൊണ്ടുവരണം.' അദ്ദേഹം പറയുന്നു: ഞാൻ വിമാനത്താവളത്തിൽപ്പോയി. കുറച്ച് കഴിഞ്ഞപ്പോൾ ചിരിച്ചുകൊണ്ട് ഒരു വ്യക്തി പുറത്തുവന്ന് എന്റെ പേര് ചോദിച്ചു. ഞാൻ സാം എന്ന് പറഞ്ഞു. അദ്ദേഹം മറുപടി പറഞ്ഞു: എന്റെ പേര് കൗഥർ. അത് ഇൻആമുൽ ഹഖ് കൗഥർ സാഹിബായിരുന്നു. അദ്ദേഹം പറയുന്നു: അന്നുമുതൽ ഞങ്ങൾ രണ്ടുപേരും സഹോദരങ്ങളെപ്പോലെയായി. ഞങ്ങൾ ഒരുമിച്ച് കോസ്റായ്, പോമ്പേയി എന്നീ ദ്വീപുകളിൽ യാത്ര ചെയ്തു. അവിടെ ഒരാഴ്ച താമസിച്ചു. ഞങ്ങൾ പിരിഞ്ഞപ്പോൾ, വളരെക്കാലമായി പരസ്പരം അറിയുന്നവരെപ്പോലെയായിരുന്നു ഞങ്ങളുടെ ബന്ധം. ഇതായിരുന്നു ഇസ്ലാമിക സാഹോദര്യം. അല്ലാഹുവിന്റെ കൃപയാൽ, മുസ്ലിമായ ശേഷം എന്റെ ഹൃദയത്തിന് ശാന്തതയും ആത്മാവിന് സമാധാനവും ലഭിച്ചു. നമസ്കാരം എന്നെ മാറ്റിമറിച്ചു. എന്റെ ഭാര്യയും എന്നിൽ ഈ മാറ്റം അനുഭവിച്ചു. അതിനുശേഷം എപ്പോഴെങ്കിലും എനിക്കെന്തെങ്കിലും ആവശ്യം വന്നാൽ ഞാൻ അല്ലാഹുവിനോടു ചോദിക്കും, അല്ലാഹു ഉടൻ അത് നിറവേറ്റിത്തരും. എന്റെ കണ്ണുകൊണ്ട് ഞാൻ ആ സഹായം പലതവണ കണ്ടിട്ടുണ്ട്. എല്ലാ ദുആയിലും ഞാൻ അല്ലാഹുവിന് നന്ദി പറഞ്ഞിട്ടുണ്ട്.'

അദ്ദേഹത്തിന്റെ ദൗഹിത്രി ജൂലിയ പറയുന്നു: 'വളരെ ആത്മാർഥതയുള്ള മുസ്ലിമായിരുന്നു അദ്ദേഹം. തന്റെ വിശ്വാസത്തിൽനിന്ന് ആശ്വാസവും ശക്തിയും ആർജിച്ച വ്യക്തി. അധിക സമയവും അദ്ദേഹം ആരാധനയിൽ ചെലവഴിക്കുകയും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നത് അങ്ങേയറ്റം ഇഷ്ടപ്പെടുകയും ചെയ്തിരുന്നു. വിവിധ ഇസ്ലാമിക ഗ്രന്ഥങ്ങൾ പഠിച്ചുകൊണ്ടിരിക്കുമായിരുന്നു. അദ്ദേഹത്തെ ഞങ്ങൾ പലപ്പോഴും അഗാധമായ ചിന്തയിലും ആലോചനയിലും മുഴുകിയതായി കണ്ടിട്ടുണ്ട്."

അല്ലാഹു അദ്ദേഹത്തോടു മഗ്ഫിറത്തോടും കാരുണ്യത്തോടുംകൂടി പെരുമാറട്ടെ. അദ്ദേഹത്തിന്റെ കുടുംബത്തിൽ ചില അനഹ്മദികളുണ്ട്, അദ്ദേഹത്തിന്റെ തലമുറയിൽ പെട്ട അവരും അഹ്മദികളാകാൻ അല്ലാഹു തൗഫീഖ് നല്കുമാറാകട്ടെ.

(വിവ. അനാസ് പി കെ)


• ഹദീഥുന്നബവി(സ) •

"എനിക്കുമുമ്പേ ആർക്കും അനുവദിക്കപ്പെടാത്ത 5 കാര്യങ്ങൾ എനിക്ക് അനുവദിച്ചിരിക്കുന്നു..... എനിക്കുവേണ്ടി ഭൂമി ഒരു മസ്ജിദായിട്ടും ശുദ്ധീകരണത്തിനുള്ള ഒരു മാർഗമായിട്ടും ആക്കിയിരിക്കുന്നു(ബു. 7:1)."

TIMBELLA
BEAUTY FROM TIMBER
—NILAMBUR—
SCAN(BAR-CODE) FOR OUR NILAMBUR TEAK FURNITURES
ത്വാലിബെ ദുആ
BEAUTY FROM TIMBER NILAMBUR
FURNITURES FOR ENQUIRY CALL.: 9744366004, 8086399638

• അല്ലാഹുവിന്റെ കലാം •

"എന്നെ ആരാധിക്കാൻ വേണ്ടിയല്ലാതെ ജിന്നിനേയും ഇൻസിനേയും ഞാൻ സൃഷ്ടിച്ചിട്ടില്ല."
(വിശുദ്ധ ഖുർആൻ 51:57)

tectona
feel more confidence

tectona
feels more confidence
All Types Of Quality Furniture
ത്വാലിബെ ദുആ
Prop.M.SHAFIQ - 80752 12141 , M.MUSTAFA - 91887 68150
M.MUNEER - 99468 71947, KARULAI, MALAPURAM

EDITOR
H.Shamsuddin

Sub Editor : P.K.Amnas
Mobile : +91 82815 93429
e-mail : badarmalayalam@gmail.com
Layout : HA Creative Graphics

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-10 Thursday 27 November 2025 Issue-48

ACTING MANAGER
ATHAR AHMAD SHAMIM

Mobile: +91 9815639670
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION :** Rs.600/- (Per Issue : Rs. 12.00/-) (WEIGHT : 20-50 gms/Issue)

## (കഴിഞ്ഞലക്കം 2025 ഒക്ടോബർ 17 ഖുത്വ്ബ ജമുഅ തുടർച്ച)

നബിﷺതിരുമേനി പറഞ്ഞു: "ഉഥ്മാൻ ബിൻ അഫ്ഫാനും അബ്ദുർറഹ്മാൻ ബിൻ ഔഫും ഭൂമിയിൽ അല്ലാഹുവിന്റെ ഖജനാവുകളിൽ ഉൾപ്പെടുന്നു. അവർ അല്ലാഹുവിന്റെ തൃപ്തിക്കുവേണ്ടി ചെലവഴിക്കുന്നു. ഇരുവരും ധാരാളം സമ്പത്ത് നല്കി. ഒരു നിവേദനത്തിൽ, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്ؓനാന്നൂറ് ഊഖിയ സ്വർണം സമർപ്പിച്ചുവെന്നും, നാലായിരത്തി ഇരുന്നൂറ് തോല സ്വർണമെന്നും പറയുന്നുണ്ട്. ചിലർ തൊള്ളായിരം ഒട്ടകം സമർപ്പിച്ചതായും പറഞ്ഞിട്ടുണ്ട്. എന്തായാലും, ധാരാളം ത്യാഗങ്ങളെക്കുറിച്ചുള്ള വിവരണമാണിത്.

ഒരു നിവേദനമനുസരിച്ച്, ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഔഫ്ؓ, നബിﷺതിരുമേനിയുടെ സന്നിധിയിൽ ഹാജരായി പറഞ്ഞു: എന്റെ കൈവശം എണ്ണായിരം ദിർഹമുണ്ട്. നാലായിരം ദിർഹം ഞാൻ വീട്ടുകാർക്കുവേണ്ടി വെച്ചിട്ടുണ്ട്, നാലായിരം തിരുമേനിയുടെ സന്നിധിയിൽ സമർപ്പിക്കുകയാണ്. നബിﷺതിരുമേനി അദ്ദേഹത്തിന് ബർക്കത്തിന്റെ ദുആ ചെയ്തുകൊണ്ട് പറഞ്ഞു:

**ബാറക്കല്ലഹു ഫീമാ അംസക്ത്ത വഫീമാ അഅ്ത്വയ്ത്ത** നീ വീട്ടുകാർക്കുവേണ്ടി ബാക്കിവെച്ചതിലും ദൈവമാർഗത്തിൽ നല്കിയതിലും അല്ലാഹു ബർക്കത്ത് നല്കുമാറാകട്ടെ

ഹദ്റത്ത് ആസ്വിം ബിൻ അദിയ്യ്ؓഎഴുപത് വസ്ഖ് ഈത്തപ്പഴം സമർപ്പിച്ചു. ഒരു വസ്ഖ് അറുപത് സ്വാഅ് ആണ്. ഒരു സ്വാഅ് ഏകദേശം മൂന്ന് സേറിന് തുല്യമാണ്. അതായത്, മൊത്തം ഏകദേശം പന്ത്രണ്ടായിരത്തി അറുനൂറ് കിലോഗ്രാം ഈത്തപ്പഴം. നബിﷺതിരുമേനിയുടെ സന്നിധിയിൽ ധനം കൊണ്ടുവന്നവരിൽ ഹദ്റത്ത് അബ്ബാസ് ബിൻ അബ്ദുൽ മുത്വലിബ്ؓ, ഹദ്റത്ത് ത്വൽഹ ബിൻ ഉബയ്ദില്ലാഹ്ؓ, ഹദ്റത്ത് സഅ്ദ് ബിൻ ഉബാദ ؓ, ഹദ്റത്ത് മുഹമ്മദ് ബിൻ മസ്‌ലമ ؓ എന്നിവരുടെ പേരുകളും കാണാം.*(ശറഹ് അലാമത്തിസ്സർഖാനീ അലൽ മവാഹിബുല്ലദുന്നിയ വാള്യം 4, പേജ് 69, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്‌റൂത്ത് 1996)(അസ്സീറത്തുൽഹൽബിയ്യ വാള്യം 3, പേജ് 183 - 184, ഗസ്‌വയെ തബൂക് ദാറുൽകുതുബുൽഇൽമിയ്യ, ബെയ്‌റൂത്ത് 2002)(സീറത്തുൽ ഹൽബിയ്യ മുത്തർറജിം വാള്യം 3, പേജ് 396 - 397, ദാറുൽ ഇശാഅത്ത് 2009)(ഗസ്‌വാത്തുന്നബിﷺ, അല്ലാമ ബുർഹാനുദ്ദീൻ ഹൽബി മുത്തർറജിം ഉർദു പേജ് 686, ദാറുൽ ഇശാഅത്ത് 2001)(അല്ലുഅ്‌ലുഉൽ മക്നൂൻ സീറത്ത് എൻസൈക്ലോപീഡിയ വാള്യം 9, പേജ് 457, മക്തബ ദാറുസ്സലാം)(സയ്‌റുസ്സ്വഹാബ വാള്യം 1 പേജ് 161, ദാറുൽ ഇശാഅത്ത് കറാച്ചി 2004)(സ്വഹീഹ് മുസ്‌ലിം നൂർ ഫൗണ്ടേഷൻ വാള്യം 12, പേജ് 184)(ഫർഹങ്കെസീറത്ത് പേജ് 49, സവാർ അക്കാഡമി പബ്ലിക്കേഷൻസ് കറാച്ചി 2003)*

ഹദ്റത്ത് മസീഹ് മൗഊദ് ﷺപറയുന്നു: ''അന്നൊക്കെ അല്ലാഹുവിന്റെ ദീനിനുവേണ്ടി ആളുകൾ തങ്ങളുടെ ജീവനുകൾ ആടുമാടുകളെപ്പോലെ ബലിയർപ്പിച്ചിരുന്നു. സ്വത്തുക്കളുടെ കാര്യം പറയേണ്ടതില്ല. ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്ؓഒന്നിലധികം തവണ തന്റെ മുഴുവൻ സ്വത്തുക്കളും സമർപ്പിച്ചു. ഒരു സൂചിപോലും വീട്ടിൽ ബാക്കിവെച്ചില്ല. അതുപോലെ, ഹദ്റത്ത് ഉമർؓതന്റെ കഴിവിനും വിശാലമനസ്കതയ്ക്കും അനുസരിച്ചും, ഹദ്റത്ത് ഉഥ്മാൻؓതന്റെ ശക്തിക്കും ശേഷിക്കുമനുസരിച്ചും, അതേപോലെ അവരവരുടെ പദവികൾക്കനുസരിച്ച് എല്ലാ സ്വഹാബാക്കളും തങ്ങളുടെ ജീവൻകൊണ്ടും സ്വത്തുകൊണ്ടും അല്ലാഹുവിന്റെ ഈ ദീനിനുവേണ്ടി ബലിയർപ്പിക്കാൻ തയ്യാറായി."

തുടർന്ന് ആ മഹാത്മാവ് പറഞ്ഞു: അല്ലാഹു പറയുന്നു: ലൻ തനാലുൽബിർറ ഹത്താ തുൻഫിഖൂ മിമ്മാ തുഹിബ്ബൂൻ നിങ്ങൾ ഇഷ്ടപ്പെടുന്നവയിൽനിന്ന് ചെലവഴിക്കുന്നതുവരെ നിങ്ങൾക്ക് പുണ്യം നേടാനാവില്ല.*(സൂറ ആലുഇംറാൻ)മൽഫൂദാത്ത് വാള്യം 5, പേജ് 192, അടിക്കുറിപ്പ്, 2022 പതിപ്പ്)*നന്മ നേടാൻ വേണ്ടിയാണ് സ്വഹാബാക്കൾ ചെലവഴിച്ചത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓ പറയുന്നു: സ്വഹാബാക്കൾ ചിലപ്പോൾ തങ്ങളുടെ വീട്ടിലെ സാധന സാമഗ്രികൾ വിറ്റ് യുദ്ധച്ചെലവുകൾ പൂർത്തിയാക്കി. ചിലപ്പോൾ അവർ തങ്ങളുടെ സ്വത്തുക്കൾ വിറ്റ് മറ്റുള്ളവർക്കുവേണ്ടി ചെലവഴിക്കുകയും യുദ്ധത്തിന് പോകുന്നവർക്ക് എല്ലാ ആവശ്യങ്ങളും ഒരുക്കി കൊടുക്കുകയും ചെയ്തുവെന്നും കാണാം. അങ്ങനെയൊരിക്കൽ നബിﷺതിരുമേനി പുറത്തുവന്ന് പറഞ്ഞു: 'നമ്മുടെ സൈന്യം ഒരു യാത്രയ്ക്ക് പോകാൻ പോകുന്നു. പക്ഷേ, സത്യവിശ്വാസികളുടെ കൈവശം ഒന്നുമില്ല. നിങ്ങളിലാരെങ്കിലും പ്രതിഫലം കാംക്ഷിക്കുന്നവരുണ്ടോ?' ഇത് കേട്ടയുടനെ ഹദ്റത്ത് ഉഥ്മാൻؓഎഴുന്നേറ്റ് തന്റെ സമ്പാദ്യം എടുത്ത് ആ തുക മുസ്‌ലിമീങ്ങളുടെ ചെലവുകൾക്കായി നബിﷺതിരുമേനിയുടെ സന്നിധിയിൽ സമർപ്പിച്ചു. ഇത് കണ്ടപ്പോൾ നബിﷺതിരുമേനി പറഞ്ഞു: "ഉഥ്മാൻ സ്വർഗം വിലക്ക് വാങ്ങി."*(ഖുത്വ്ബാത്തെ മഹ്മൂദ് വാള്യം 19, പേജ് 98 - 99)*

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻؓസാമ്പത്തിക ത്യാഗങ്ങളെക്കുറിച്ച് തന്റെ ഒരു ഖുത്വ്ബയിൽ ഈ സംഭവം ഇപ്രകാരം വിവരിച്ചു: ഒരു സന്ദർഭത്തിൽ യുദ്ധത്തിനുള്ള ഒരുക്കങ്ങൾക്കായി ധാരാളം സമ്പത്ത് ആവശ്യമായിരുന്നു. ആ ദിവസങ്ങളിൽ സാമ്പത്തിക ഞെരുക്കവുമുണ്ടായിരുന്നു. ലോകം അങ്ങനെയാണല്ലോ, ചിലപ്പോൾ സമൃദ്ധിയുടെ ദിവസങ്ങളും ചിലപ്പോൾ ഞെരുക്കത്തിന്റെ ദിവസങ്ങളുമുണ്ടാകും. ആ സന്ദർഭത്തിലും ഞെരുക്കത്തിന്റെ ദിവസങ്ങളായിരുന്നു. എന്നാൽ, യുദ്ധത്തിന്റെ ആവശ്യം നിലനിന്നിരുന്നു. നബിﷺതിരുമേനി തിരുസ്വഹാബാക്കളുടെ മുന്നിൽ ന്യായമായ ആവശ്യം വെക്കുകയും സാമ്പത്തിക ത്യാഗം ചെയ്യാൻ അവരെ ഉദ്ബോധിപ്പിക്കുകയും ചെയ്തു. അതിന്റെ ഫലമായി ഹദ്റത്ത് അബൂബക്ർ സിദ്ദീഖ്ؓതന്റെ മുഴുവൻ സമ്പത്തുമായി വന്നു. ഹദ്റത്ത് ഉമർؓതന്റെ പകുതി സമ്പത്തുമായി വന്നു. ഹദ്റത്ത് ഉഥ്മാൻؓ പറഞ്ഞു: 'എന്നെ പതിനായിരം സ്വഹാബാക്കളുടെ മുഴുവൻ ചെലവും വഹിക്കാൻ അനുവദിച്ചാലും. അതിനുപുറമെ ആയിരം ഒട്ടകവും എഴുപത് കുതിരയും നല്കി. അതുപോലെ ആത്മാർഥതയുള്ള എല്ലാ സ്വഹാബാക്കളും തങ്ങളുടെ കഴിവിനും ശേഷിക്കുമനുസരിച്ച് സാമ്പത്തിക ത്യാഗങ്ങൾ സമർപ്പിച്ചു. അതിന് അല്ലാഹു ഏറ്റവും നല്ല ഫലമുളവാക്കി.' *(ഖുത്വ്ബാത്തെ നാസ്വിർ വാള്യം 2, പേജ് 341, ജുമുഅ ഖുത്വ്ബ 1968 ഒക്ടോബർ18)*

സാമ്പത്തിക ത്യാഗങ്ങളുടെ പ്രാധാന്യം അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നുവെന്നത് അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണ് . ഞാൻ പല സംഭവങ്ങളും വിവരിക്കാറുണ്ട്. ചിലർ യഥാർഥത്തിൽ തങ്ങളുടെ കൈവശമുള്ളതെല്ലാം ബലിയർപ്പിക്കാറുണ്ട്. ധനികരായ ആളുകളും കഴിവുള്ളവരും ഹദ്റത്ത് അബൂബക്ർؓ, ഹദ്റത്ത് ഉമർؓ, ഹദ്റത്ത് ഉഥ്മാൻؓഎന്നിവരുടെ മാതൃകകൾ മുന്നിൽ വെക്കുകയും തങ്ങളുടെ ത്യാഗങ്ങളുടെ നിലവാരം ഉയർത്തുകയും വേണം. ദരിദ്രരും ഇടത്തരക്കാരും മറ്റു ത്യാഗങ്ങൾ ചെയ്യുന്നുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ, ഉയർന്ന നിലവാരത്തിലുള്ള ത്യാഗം ചെയ്യുന്ന ധാരാളം ധനികരുമുണ്ട്. ദുർബലരായവരും ദീനിന്റെ പ്രചാരണത്തിന് മുന്നോട്ടുവരണം. ഇക്കാലഘട്ടത്തിൽ അവർക്കും ത്യാഗം ചെയ്യാനുള്ള അവസരമുണ്ട്.

സ്വഹാബാക്കൾക്ക് സാധ്യമായ പരിധിവരെ എന്തെങ്കിലും സമർപ്പിക്കുകയും ദരിദ്രരും നിസ്സഹായരുമായ സൈനികർക്കുവേണ്ടി വാഹനങ്ങളും വാളുകളും മറ്റ് യുദ്ധോപകരണങ്ങളും ഒരുക്കുകയും ചെയ്തു. ചില ദരിദ്രരായ സ്വഹാബാക്കളോ സ്ത്രീസ്വഹാബാക്കളോ ഒന്നോ രണ്ടോ മുദ്ദ് ധാന്യം സമർപ്പിക്കുമ്പോൾ, തങ്ങൾക്ക് കൂടുതൽ ഉണ്ടായിരുന്നെങ്കിൽ അതും സമർപ്പിക്കാമായിരുന്നു വെന്നോർത്ത് അവരുടെ ഹൃദയം നിറഞ്ഞുപോകുമായിരുന്നു. എന്നാൽ, മുനാഫിഖുകൾ അവരെ പരിഹസിച്ചുകൊണ്ട് ഒരു പിടി ധാന്യം കൊണ്ട് ഇവർ കയ്സറിനെ തോൽപ്പിക്കുമോ എന്നു ചോദിക്കുമായിരുന്നു! മുദ്ദ് എന്നത് ഒരു ചെറിയ അളവാണ്, ഒരു കൈ നിറയെ എടുക്കുന്നതിന് തുല്യം.

മുനാഫിഖുകളുടെ ഈ പരിഹാസത്തെക്കുറിച്ച് അല്ലാഹു പറയുന്നു: **അല്ലദീന യൽമിസൂനൽ മുത്ത്ത്വവ്വിയീന മിനൽ മുഅ്മിനീന ഫിസ്സ്വദഖാത്തി വല്ലദീന ലാ യജിദൂന ഇല്ലാ ജുഹ്ദഹും ഫയസ്ഖറൂന മിൻഹും സഖ്റല്ലാഹു മിൻഹും വലഹും അദാബുൻ അലീം**(9:79)

'സത്യവിശ്വാസികളിൽനിന്ന് ദാനധർമങ്ങളിൽ സ്വമനസ്സാലെ പ്രവർത്തിക്കുന്നവരേയും തങ്ങളുടെ കഠിനാധ്വാനത്തിന്റെ(സമ്പാദ്യം)അല്ലാതെ മറ്റൊന്നും(ദാനം ചെയ്യാൻ)കണ്ടെത്താത്തവരേയും ആക്ഷേപിക്കുന്നവരാണ് അവർ. അങ്ങനെ അവർ(ആ കപടവിശ്വാസികൾ)ഇവരെ പരിഹസിക്കുകയും ചെയ്യുന്നു. അല്ലാഹു അവരുടെ പരിഹാസത്തിനുള്ള പ്രതിക്രിയ ചെയ്യുന്നതാണ്. അവർക്ക് വേദനാജനകമായ ശിക്ഷയുമുണ്ട്.

അധ്വാനിച്ച് സാമ്പത്തിക ത്യാഗം ചെയ്തവരിൽ ഹദ്റത്ത് അബൂ അഖീലുംؓ ഉണ്ടായിരുന്നു. അദ്ദേഹം രാത്രി മുഴുവൻ കിണറ്റിൽനിന്ന് വെള്ളം കോരി, രണ്ട് സ്വാഅ് ഈത്തപ്പഴം സമ്പാദിച്ചു. ഒരു സ്വാഅ് ഏകദേശം രണ്ടര കിലോയോളം വരും. അതായത് മൊത്തം അഞ്ച് കിലോ ഈത്തപ്പഴം സമ്പാദിച്ചു. അതിൽനിന്ന് ഒരു സ്വാഅ് വീട്ടുകാർക്ക് വെച്ചശേഷം ഒരു സ്വാഅ് ഈത്തപ്പഴവുമായി നബിﷺതിരുമേനി യുടെ സന്നിധിയിൽ ഹാജരായി. അവർക്ക് തങ്ങളാലാവുന്ന ത്യാഗം!

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്ؓഒരിടത്ത് വിവരിക്കുന്നു: 'നബിﷺതിരുമേനി ഒരിക്കൽ ചന്ദ നല്കാൻ ആഹ്വാനം ചെയ്തു. അപ്പോൾ ഒരു സ്വഹാബിപോയി കൂലിപ്പണി ചെയ്തു. ഒരുപക്ഷേ, ആർക്കെങ്കിലും കിണറ്റിൽനിന്ന് വെള്ളം കോരികൊടുത്തിരിക്കും. അതിന് പകരമായി അര സേർ (കാക്കി ലോ) അല്ലെങ്കിൽ മുക്കാൽ സേർ ധാന്യം അദ്ദേഹത്തിന് ലഭിച്ചു. അത് കൊണ്ടുവന്ന് ചന്ദ കൊടുത്തു. ആ സമയത്ത് ആയിരക്കണക്കിന് രൂപയുടെ ആവശ്യമുണ്ടായിരുന്നു. മുനാഫിഖുകൾ ചിരിച്ചുകൊണ്ട് പറഞ്ഞു: ഇതാണ് യുദ്ധത്തിനുള്ള ഒരുക്കം! ഇത്

ശേഷം പേജ് 9 ൽ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin